# ശാംഭവി

ത്രൈമാസിക

**Book 10 | January - March 2021 | Edition 1**



# പത്രാധിപക്കുറിപ്പ്

മിത്രശത്രുക്കൾ, ലാഭനഷ്ടങ്ങൾ, സുഖദുഃഖങ്ങൾ, ജയപരാജയങ്ങൾ എന്നീ ദന്ദ്വാനുഭവങ്ങൾ നമുക്ക് ഏവർക്കും സുലഭങ്ങളാണ്. ഇവകളിൽ മിത്രശത്രുക്കളിൽ ശത്രു എന്നത് സജ്ജനങ്ങളെ സംബന്ധിച്ച് പ്രത്യേകിച്ച് ഒരു കാരണവും ഇല്ലാതെ ഉണ്ടാകുന്ന ഒന്നാണെന്ന് നിങ്ങളുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ട് വരുന്നു. ഒരു തെറ്റും മറ്റുള്ളവർക്ക് ചെയ്യാതെ എനിയ്ക്ക് ഇത്ര പഴി കേൾക്കേണ്ടി വരുന്നു, എനിയ്ക്ക് എന്താ ഇത്ര ശത്രുക്കൾ എന്നെല്ലാം തോന്നാം. അതിന് ഭർത്തൃഹരി നൽകുന്ന ഉത്തരം വളരെ ലളിതമാണെന്ന് മാത്രമല്ല സജ്ജനമാകാൻ വളരെ പ്രയാസമാണെന്ന കാര്യവും കൂടി അദ്ദേഹം സൂചിപ്പിയ്ക്കുന്നു.

*മൃഗമീനസജ്ജനാനാം തൃണജലസന്തോഷവിഹിതവൃത്തീനാം*
*ലുബ്ധകധീവരപിശുനാ നിഷ്കാരണമേവ വൈരിണോ ജഗതി*

കാടിനുള്ളിൽ പുല്ലു തിന്ന് നടക്കുന്ന മാനിന് വേടനും വെള്ളത്തിൽ വളരുന്ന മത്സ്യത്തിന് മുക്കുവനും സന്തോഷത്തോടെ വസിയ്ക്കുന്ന സജ്ജനത്തിന് അസൂയാലുവും ശത്രുക്കളായി വരുന്നതിന് പ്രത്യേകിച്ച് കാരണമൊന്നുമില്ല. ഇതാണിതിന് അർത്ഥം. എന്നാൽ അവനവനിൽ ഇല്ലാത്ത എന്തോ ഒന്ന് മാൻ തുടങ്ങിയവരിൽ ഉണ്ട് എന്നതുകൊണ്ടാണ് വേടൻ തുടങ്ങിയവർ ശത്രുക്കളായിത്തീർന്നത്. അപ്പോൾ ഈ സജ്ജനത്തിൽ എന്താണുള്ളത്? അഥവാ എന്തെല്ലാം ഉണ്ടായാലാണ് സജ്ജനമാവുക. ഭർത്തൃഹരി പറയുന്നു -

*വിപദി ധൈര്യമഥാഭ്യുദയേ ക്ഷമാ സദസി വാക്പടുതാ യുധി വിക്രമഃ*
*യശസി ചാഭിരുചിർവ്യസനം ശ്രുതൗ പ്രകൃതിസിദ്ധമിദം ഹി മഹാത്മനാം*

ആപത്തിൽ ധൈര്യം ഉന്നതിയിൽ ക്ഷമ സഭയിൽ വാക് സാമർത്ഥ്യം യുദ്ധം മത്സരം ഇവകളിൽ പരാക്രമം പ്രശസ്തിയിൽ താല്പര്യം ആദ്ധ്യാത്മികതയിൽ ഉത്സാഹം ഇവ സജ്ജനങ്ങൾക്ക് ഉണ്ടായിരിയ്ക്കും. അപ്പോൾ സജ്ജനം എന്ന് വച്ചാൽ ഗ്രാമ്യഭാഷയിൽ പറയും പോലെ അടങ്ങി ഒതുങ്ങി സൗമ്യനായി കഴിയുന്ന ഒരാൾ എന്നല്ല അർത്ഥമാക്കേണ്ടത്. പകരം മറ്റുള്ളവർക്ക് അസൂയ ഉണ്ടാകാൻ ഇട ഉണ്ടാക്കുന്ന വിധം സാമർത്ഥ്യം ഉള്ളവരാണ് സജ്ജനങ്ങൾ. ഈ ലക്ഷണങ്ങൾ വച്ച് നമുക്ക് ഇവരെ തിരിച്ചറിയാം.

പുസ്തകം 10 ലക്കം 1
ജനുവരി - മാർച്ച് 2021

വരിസംഖ്യ സൌജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712

shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ് കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

പുറംചട്ട രൂപകല്പന
ഉണ്ണി കൊണ്ടമറുക്

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ

മുദ്രണം
മമ ഓഫ് സെറ്റ് പ്രിന്റ്
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. വിഘ്നേശ്വരമാനസികം
2

2 സംസ്കൃതപഠനം (44)
5

3. കുട്ടികളുടെ വാല്മീകിരാമായണം (25)
7

4. ഔഷധസസ്യങ്ങൾ (31) ഞൊട്ടാഞൊടിയൻ
9

5. നരസിംഹസ്തുതി
10

7. സ്തുതികുസുമാഞ്ജലി (4)
14

8. പരമാർത്ഥസാരം (12)
18

9. കാശ്മീരശൈവസമ്പ്രദായം (13)
20

10. ലളിതാസഹസ്രനാമം (34)
26

11. ഭഗവദ്ഗീതാ - ഒരു പുനർവായന (23)
29

# വിഘ്നേശ്വരമാനസികം

സമ്പാദക : അപർണ്ണാദേവി എ.

*മല്ലീസുമച്ഛവിസുവർണസവർണശാലി*
*ശാല്യന്നമേതദുപമർദ്യ പയസ്തഥൈവ.*
*ഏതേ കരേണ മിലിതേ വിരചയ്യ ശുദ്ധേ*
*ഭുങ്ക്ഷ്വോപദംശിതഗുഡം ഗജരാജവക്ത്ര*

*മണ്ഡോപയുക്തദധിഖണ്ഡകമേതദേത-*
*ച്ഛുദ്ധാന്നമാശു മിലിതം ദ്വയമദ്യ ക്ലൃപ്താ.*
*ഖണ്ഡാമ്ലസർഷപരസാലവരോപദംശൈ-*
*ർഭുങ്ക്ഷ്വഭവക്ത്ര സഹ നിംബകഖണ്ഡചൂർണ്ണൈഃ.*

*ജംബീരതാച്ചുതസുബില്വകരീരചൂത-*
*നാരങ്ഗമുഖ്യമുപദംശകുലം സുജാതം.*
*ഹിങ്ഗ്വഗ്രസർഷപരസാലവരോടമുഖ്യൈഃ (ബഹുസാധനാഗ്ര്യൈഃ)*
*സംമിശ്രിതം ച പരിശീലയ ഭുക്തികാലേ.*

*ഔർവാരുകം ധുരി രസായനമേതദേതദ്*
*ഗൗഡം തു പാനകമിദം സരസേക്ഷുസാരം*
*കാപിത്ഥപാനകമിദം  കരിവക്ത്ര കിഞ്ചിത്*
*കിഞ്ചിത് പിബൈഷ്യ വിഭാവയ യഥേഷ്ടതോദ്യ*

*സത്കൃഷ്ണനിംബദളനാഗരഹിങ്ഗുബാല-*
*രംഭാഗ്രദണ്ഡവരസൈന്ധവജംഭസാരൈഃ*
*ആലോഡിതം പരിമളൈർമിളിതം ഗജാസ്യ*
*ത്വം നീരതക്രമുപഭുങ്ക്ഷ്വ ച ദാഹശാന്ത്യൈ.*

*ഹേമ്നാ കൃതേ മണിചിതേ രുചിരേത്ര പാത്രേ*
*ഹേമാവതീജാലമിദം ഗജവക്ത്ര ശുഭ്രം.*
*ഏലാദിവാസിതഗുണം ഹിമനീരശീത-*
*മാപോശനം ചരമമാശു സമാചര ത്വം.*

*ശോണാംബുജാധരതലം ശുഭമാർദവാഢ്യ*
*മുഷ്ണാംബുനാ സുരഭിലേന തവാദ്യ പാണിം*
*ദ്രവ്യേണ ഘർഷണവിധൗ സിതയോപമൃദ്യ*
*പ്രക്ഷാളയേഭമുഖ കല്മഷലേശഹീന*

*നിർദോഷതാമുപഗതേന വിഭോ സുവർണ-*
*സ്ഥാല്യാം സ്ഥിതേന ഹിമശീതഗുണേന സദ്യഃ*
*ഹസ്തീന്ദ്രവക്ത്ര പയസാ പുനരാദരേണ*
*ശുദ്ധം ത്വമാചമനമാചര ഭോജനാന്തേ.*

*പൂഗാ ഇമേ കപിശിതാ പരിപാകരീത്യാ*
*ശ്വേതാ ഇമേ കടുരസാ മധുനാഗവല്യഃ*
*കർപൂരചൂർണമിദമേഭിരിഭാസ്യ രാഗാ-*
*ച്ഛോണീകുരു ത്വദധരം സമമാസ്യശുദ്ധ്യാ.*

*ദേദീപ്യമാനമഹസി ദ്രുതഹേമപാത്രേ*
*മുക്താമണിവിരചിതാംബുജരേഖികാന്തഃ*
*കർപൂരഖണ്ഡപരിദീപിതമേതദഗ്രേ*
*നീരാജനം ഗജവരാനന ദർശയാമി.*

*ഗങ്ഗാകവേരതനയാവരതുങ്ഗഭദ്രാ-*
*ഗോദാവരീരവിസുതാസുസമാഹൃതാഭിഃ.*
*അദ്ഭിർദദാമിപുനരർഘ്യമിഭേന്ദ്രവക്ത്ര*
*തത് ത്വം ഗൃഹാണ നിഗൃഹാണ തമോ മദീയം*

*മല്ലീപ്രസൂനനവചമ്പകകുന്ദജാതി-*
*മന്ദാരമുഖ്യസുമനോഭിരഭിസ്ഫുടാഭിഃ*
*മന്ത്രൈഃ സമം ശ്രുതിചതുഷ്ടയസംസ്തുതൈസ്തേ*
*പുഷ്പാഞ്ജലിം ഗജമുഖാനിശമർപയാമി.*

*വേദാന്തമൂർധശതഗൂഢ ശതോങ്ഘ്രിതസ്ത-*
*നാഥാന്തഭാവിത ഗണാധിപ ശക്തിനാഥ.*
*ശ്രീമൻ ത്വദീയപദഭക്തമിമം സദാ മാ*
*മാമന്തകാന്തകസുതാമല മുഞ്ച മുഞ്ച*

*ഭാഗ്യാധിഭോഗ്യകരമദ്യ പദേ പദേ ച*
*ഭക്ത്യാ പ്രദക്ഷിണമഹം കലയേ ഗജാസ്യ*

*രക്ഷ പ്രതീക്ഷണമപാസ്യ ഹൃദാവിലംബം*
*വീക്ഷസ്വ മാം പരിഗൃഹീതദയാവലംബം*

*ഹസ്തീന്ദ്രവക്ത്ര ഗണനാഥ നമോ നമസ്തേ*
*സ്വസ്തീന്ദ്രമുഖ്യനുത ദേഹി നമോ നമസ്തേ*
*നസ്തീവ്രമഗ്രമുപയാഹി നമോ നമസ്തേ*
*വിസ്തീർണവൈഭവനിധേദ്യ നമോ നമസ്തേ*

*മഞ്ചേ സുവർണവിതതേ മണിജാലചിത്രേ*
*ഡോലായുതേപ്യുപരിഭാഗവിതാനചിത്രേ*
*മൃദ്വാസ്തരാമുപരിമഞ്ജുലഹംസതുലി-*
*മധ്യാസ്യ ശേഷ്വ ഗജവക്ത്ര മൃദൂപധാനാം*

*ആലിങ്ഗിതോ ദയിതയാ ഗണനാഥ ശക്ത്യാ*
*സർവാങ്ഗശോഭനഗുണോജ്ജ്വലരൂപലക്ഷ്മ്യാ*
*ആനങ്ഗസങ്ഗരമുഖൈർവിവിധൈർവിലാസൈ-*
*രാനന്ദഭാരമധികം ഭജ ഹസ്തിവക്ത്ര*

*ബാഹ്യം വിധാതുമപടുസ്തവ പൂജനം യത്*
*പദ്മേന്ദ്രവക്ത്ര തദഹം ഹൃദി മാനസാഖ്യം*
*ത്വത്പൂജനം രചിതവാംശ്ചതുരുത്തരൈശ്ച*
*പദ്യൈസ്തഥാ ദശചതുഷ്ടയസംസ്ഥിതൈശ്ച*

*ത്വാം പൂജയൻ ഹൃദി ഭജൻ ദൃശി ലക്ഷയംശ്ച*
*ശൃണ്വഞ്ഛ്രുതൗ ച ഗദിതം തവ രൂപമേവ*
*സംഭാവയൻ ഗജവരാനന ദർശയാമി*
*ത്വം ദേവ ദേവ മയി ധേഹി കൃപാകടാക്ഷം*

*ചത്വാരിംശദുപര്യധിഷ്ഠിതചതുഃശ്ലോകാത്മസംഖ്യാന്വിതാൻ*
*പ്രോക്താൻ യാനുപചാരകാംസ്തവ വിഭോ ഹസ്തീന്ദ്രവക്ത്രാനിശം*
*പ്രത്യൂഷേ ഹൃദി ഭാവയന്തി പുരുഷാ യേ തേഷു കുര്യാദ് ഭവാൻ*
*സമ്പൂർണാം പുരുഷാർഥസിദ്ധിമതുലാം സന്തോഷധാരാധികാം*

*വിഘ്നാധിനേതരി ചിദംബരസൂരിക്ലൃപ്താ*
*സംഭാവനാദിപരമപ്രമദാവസാനൈഃ*
*പൂജോപചാരവിധിഭിർഭുവി മാനസാഖ്യാ*
*ജീയാച്ചിരം സുവിദുഷാം ഹൃദയംഗമേയം.*

# സംസ്കൃതപഠനം (44)

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

## രഘുവംശശ്ലോകം

*തദന്വയേ ശുദ്ധിമതി*
*പ്രസൂതഃ ശുദ്ധിമത്തരഃ*
*ദിലീപ ഇതി രാജേന്ദുഃ*
*ഇന്ദുഃ ക്ഷീരനിധാവിവ*

**പദങ്ങൾ** : തദന്വയേ ശുദ്ധിമതി പ്രസൂതഃ ശുദ്ധിമത്തരഃ ദിലീപഃ ഇതി രാജേന്ദുഃ ഇന്ദുഃ ക്ഷീരനിധൗ ഇവ

### വിഭക്ത്യാദികൾ

| | |
|---|---|
| തദന്വയേ | അകാരാന്തഃ പുല്ലിംഗഃ സപ്തമീ ഏകവചനം |
| ശുദ്ധിമതി | തകാരാന്തഃ പുല്ലിംഗഃ സപ്തമീ ഏകവചനം |
| പ്രസൂതഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ശുദ്ധിമത്തരഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ദിലീപഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ഇതി | അവ്യയം |
| രാജേന്ദുഃ | ഉകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ഇന്ദുഃ | ഉകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ക്ഷീരനിധൗ | ഇകാരാന്തഃ പുല്ലിംഗഃ സപ്തമീ ഏകവചനം |
| ഇവ | അവ്യയം |

### ധാത്വാദികൾ

ഈ ശ്ലോകത്തിൽ ക്രിയാപദം കാണുന്നില്ല. എങ്കിലും ഉചിതമായ ഒരു ക്രി

യാപദം ബുദ്ധിപൂർവ്വം സ്വീകരിയ്ക്കാം. അദ്ധ്യാഹരിയ്ക്കുന്നു എന്ന് ശാസ്ത്രങ്ങളിൽ പറയുന്നതായി കാണാം.

## സമാസാദികാര്യങ്ങൾ

| | |
|---|---|
| തദന്വയേ | തസ്യ അന്വയഃ തസ്മിൻ |
| ശുദ്ധിമതി | ശുദ്ധിഃ അസ്യ അസ്തി ഇതി ശുദ്ധിമാൻ. തസ്മിൻ |
| ശുദ്ധിമത്തരഃ | അതിശയേന ശുദ്ധിമാൻ |
| രാജേന്ദുഃ | രാജസു ഇന്ദുഃ |
| ക്ഷീരനിധൗ | ക്ഷീരസ്യ നിധിഃ തസ്മിൻ |

## പദാർത്ഥങ്ങൾ

| | |
|---|---|
| തദന്വയേ | ആ അന്വയത്തിൽ |
| ശുദ്ധിമതി | ശുദ്ധിയുള്ളതായ |
| പ്രസൂതഃ | ജനിച്ചവൻ |
| ശുദ്ധിമത്തരഃ | അതിശുദ്ധിയുള്ളവൻ |
| ദിലീപഃ | ദിലീപൻ |
| ഇതി | എന്ന |
| രാജേന്ദുഃ | രാജശ്രേഷ്ഠൻ |
| ഇന്ദുഃ | ചന്ദ്രൻ |
| ക്ഷീരനിധൗ | ക്ഷീരനിധിയിൽ |
| ഇവ | പോലെ |

## അന്വയഃ/ഗദ്യക്രമം

ശുദ്ധിമതി തദന്വയേ ശുദ്ധിമത്തരഃ ദിലീപഃ ഇതി രാജേന്ദുഃ ക്ഷീരനിധൗ ഇന്ദുഃ ഇവ പ്രസൂതഃ (ആസീത്).

## അന്വയാർത്ഥം

ശുദ്ധിയുള്ളതായ ആ അന്വയത്തിൽ അതിശുദ്ധിയുള്ളവനായ ദിലീപൻ

എന്ന രാജശ്രേഷ്ഠൻ ക്ഷീരനിധിയിൽ ചന്ദ്രൻ എന്ന പോലെ ജനിച്ചവൻ ആയിരുന്നു.

## സാരം

രഘുവംശരാജക്കന്മാരുടെ ഉദ്ഭവം സൂര്യനിൽ നിന്നാണ്. ഈ വംശത്തിലെ ആദ്യത്തെ ആൾ സൂര്യപുത്രനായ വൈവസ്വതമനു ആണ്. ആ വംശം അതിപവിത്രമാണ്. അങ്ങനെയുള്ള വംശത്തിൽ അത്യധികം പവിത്രനായ ദിലീപൻ രാജക്കന്മാരിൽ അതിശ്രേഷ്ഠനാണ്. പാലാഴിയിൽ ഏതുപോലെയാണോ ചന്ദ്രന്റെ ഉദയം അതുപോലെയാണ് സൂര്യവംശത്തിൽ ഈ ദിലീപമഹാരാജാവിന്റെ ജനനം.

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം 25



ഉണ്ണികൃഷ്ണൻ കിഴുത്താനി
ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

ഭരണാധികാരികളും ജനങ്ങളും ഒത്തൊരുമിച്ചു രാജ്യനന്മകാംക്ഷിച്ച് പ്രവർത്തിയ്ക്കേണ്ടവരാണെന്ന് വാല്മീകി മഹർഷി അക്കമിട്ട് നിരത്തി കാണിച്ചു തരുന്നു. കാലമേറെ ചെന്നിട്ടും നമുക്ക് മഹത്തായ ആശയങ്ങളോട് എന്തുകൊണ്ട് നീതിപുലർത്താനായില്ലെന്ന് കുട്ടികളായ നിങ്ങൾ ഇപ്പോഴെ ചിന്തിച്ചു മനസ്സിലാക്കണം. ജനങ്ങളിൽനിന്നകന്നുകൊണ്ടിരിയ്ക്കുന്ന ഭരണാധികാരികൾ അവർക്ക് ബാദ്ധ്യതയായിത്തീരുന്നത് എപ്രകാരമാണെന്ന് ഇന്നത്തെ കാലഘട്ടം കരതലാമലകം (ഉള്ളം കയ്യിലെ നെല്ലിക്ക) പോലെ വ്യക്തമാക്കുന്നു. മഹത്തായ സാഹിത്യസൃഷ്ടികൾ എപ്രകാരമാണ് വഴിവിളക്കായിത്തീരുന്നതെന്ന് രാമായണം മഹാഭാരതം പോലുള്ള ഇതിഹാസങ്ങൾ ഇഴവിടർത്തി കാണിയ്ക്കുന്നു, വരും കാലങ്ങളിലേയ്ക്കുകൂടി.

പ്രിയരേ, ഇനി നമുക്ക് അതിപ്രശസ്തവും ശ്രദ്ധേയവുമായ ‘ജാബാലിവാക്യ’ത്തിലേയ്ക്ക് പ്രവേശിയ്ക്കാം. ബ്രാഹ്മണ ശ്രേഷ്ഠനായ ജാബാലി ധർമ്മത്തിന്റെ മറ്റൊരു വശമാണ് അനുവാചകനു മുന്നിൽ തുറന്നു തരുന്നത്. ഒറ്റനോട്ടത്തി

ൽ അധർമ്മത്തിന് ആധിക്യമുള്ള പ്രസ്താവമാണെങ്കിലും സാന്ദർഭികമായി ഇക്കാര്യത്തിന് പ്രസക്തിയുണ്ടെന്ന് കാണാം. ജനക്ഷേമതല്പരനായ ഭരണ കർത്താവ് അച്ഛനമ്മമാരുടെ സ്വാർത്ഥതാല്പര്യങ്ങൾക്കു വഴങ്ങി രാജ്യപരി പാലന ധർമ്മത്തിൽനിന്ന് വ്യതിചലിയ്ക്കുന്നത് ശരിയായ നടപടിയല്ലെന്ന് പണ്ഡിതൻ കൂടിയായ ജാബാലി സമർത്ഥിയ്ക്കുന്നു. രാമന്റെ ഭരണരീതിയും രാമനേയും ജനങ്ങൾക്ക് പ്രാണനേക്കാൾ പ്രിയങ്കരമാവുമ്പോൾ അവരെ സംബന്ധിച്ചിടത്തോളം മരിച്ചുപോയത് വെറും വ്യക്തിമാത്രമാണ് ദശരഥമ ഹാരാജാവ്. ഒരർത്ഥത്തിൽ സുതാര്യമായ സദ്ഭരണം ലഭിയ്ക്കേണ്ടത് ജനങ്ങ ളുടെ അവകാശം കൂടിയാണെന്ന ജാബാലിവാക്യത്തിന് അർത്ഥതലങ്ങൾ അനവധിയാണ്.

ജാബാലിയുടെ അനിഷ്ടകരമായ അഭിപ്രായങ്ങൾ കേട്ട് ശ്രീരാമൻ ധാ ർമ്മികരോഷംപൂണ്ട് ഇപ്രകാരം പറഞ്ഞു. സത്യമാണ് ലോകത്തെ സംരക്ഷി യ്ക്കുന്നതും നിലനിർത്തുന്നതും. അതുകൊണ്ടുതന്നെ സത്യലംഘനം എന്നാൽ അസാദ്ധ്യംതന്നെ. ദാനം, യജ്ഞം, തപസ്സ് ഇതിലെല്ലാം സത്യധർമ്മാദികളു ടെ അനുരണങ്ങൾ അടങ്ങിയിരിയ്ക്കുന്നു. താങ്കളുടെ നാസ്തിക-യുക്തിവാദം അധർമ്മത്തിന്റെ അഗ്നിജ്വാല പടരാൻ മാത്രമേ ഉപകരിയ്ക്കുകയുള്ളൂ. പണ്ഡി തനും ബ്രാഹ്മണോത്തമനുമായുള്ള അങ്ങയെപ്പോലുള്ളവരിൽനിന്ന് ഇത്രമാ ത്രം അർത്ഥശൂന്യവും അധാർമ്മികവുമായ വാദങ്ങൾ ഉയരുന്നത് രാജ്യനന്മ യ്ക്കുതന്നെ ഹാനികരമാണെന്ന് ശ്രീരാമൻ ജാബാലിയെ ഓർമ്മിപ്പിച്ചു. പുണ്യകർമ്മ ങ്ങളിലൂടെ മാത്രമേ സ്ഥായിയായ അനുഗ്രഹം നിലനിൽക്കുകയു ള്ളൂ എന്നത് സകലരും അംഗീകരിച്ച് പ്രാവർത്തികമാക്കുമ്പോൾ ജനങ്ങ ൾക്കിടയിൽ വിഭാഗീയത സൃഷ്ടിയ്ക്കുന്ന അധാർമ്മികതയ്ക്ക് ഇടം കൊടുക്കാതിരി യ്ക്കേണ്ടത് ഭരണകർത്താക്കളുടെ ചുമതലയാണെന്ന് നിരവധി ഉദാഹര ണങ്ങൾ നിരത്തി ശ്രീരാമൻ സമർത്ഥിച്ചു. തനിയ്ക്കു നാസ്തികനാകാൻ കഴിയി ല്ലെന്നും ആസ്തികൃമാണ് ആത്മാവിനെ നിലനിർത്തുന്നതെന്ന വാസ്തവം ഉൾക്കൊണ്ടുതന്നെയാണ് ജീവിയ്ക്കുന്നതെന്നും ജാബാലി മറുപടി പറഞ്ഞു. പക്ഷേ കാലത്തിന്റെ അലംഘനീയമായ വെളിപ്പെടുത്തലുകൾക്ക് ഇതെല്ലാം കണ്ടില്ലെന്ന് നടിയ്ക്കാനാകില്ല. രാമരാജ്യം തിരികെ വരാൻവേണ്ടി നാസ്തിക വേഷം അണിയാൻ താൻ തയ്യാറാണെന്നും ആത്മാർത്ഥതയുള്ള അദ്ദേഹം തുറന്നു പറഞ്ഞു. ജാബാലിയുടെ കാലോചിതമായ കണ്ടെത്തലുകളും തുറന്നു പറച്ചിലുകളും രാമനിൽ കോപം വളർത്തി. ഇതു മനസ്സിലാക്കിയ രാജഗുരു വസിഷ്ഠമഹർഷി ശ്രീരാമനെ അനുനയിപ്പിയ്ക്കാനുദ്ദേശിച്ച് പരിണതപ്രജ്ഞ നായ ജാബാലി പറഞ്ഞതിലും വാസ്തവമുണ്ടെന്ന് ഓർമ്മിപ്പിച്ചു. കാലത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് പ്രവർത്തിയ്ക്കാനേ നമുക്കു കഴിയൂ. അതു കൊണ്ട്

പരിമിതികളെ കീഴടക്കാനാകില്ലെന്നറിഞ്ഞുകൊണ്ട് പ്രവർത്തിയ്ക്കുകയാണ് ഇവിടെ കരണീയമെന്നും രാജധർമ്മത്തിനും ഇതുതന്നെയാണനുയോജ്യമെന്നും രാജപുരോഹിതൻ എടുത്തുകാണിച്ചു. സർവ്വത്ര ജലമയമായിരുന്ന അവസ്ഥയിൽനിന്നാണ് ഭൂമി ഉടലെടുത്തത്. ക്രമാനുഗതമായ ഈ രൂപാന്തരം കാലത്തിന്റെ അനിവാര്യതകൂടിയാണ് പ്രകടമാക്കുന്നതെന്ന് ത്രികാലജ്ഞൻ കൂടിയായ വസിഷ്ഠൻ വെളിപ്പെടുത്തി. വഴികാട്ടിയായ രാജഗുരുവിന്റെ സന്ദർഭോചിതമായ വാക്കുകൾ ശ്രീരാമന് കൂടുതൽ ചിന്തിയ്ക്കാൻ പ്രേരണ നൽകി. ഇക്ഷ്വാകുവംശത്തിൽ മൂത്ത ആളിനാണ് രാജ്യാവാകാശമെന്ന കുലധർമ്മം പാലിയ്ക്കാതിരിയ്ക്കുന്നത് ധാർമ്മികതയ്ക്ക് നിരക്കുന്നതാണോ എന്നുവരെ ചോദിച്ച് ശ്രീരാമനെ തിരിച്ചുകൊണ്ടു വരാനുള്ള ശ്രമത്തിന് രാജപുരോഹിതനും ആക്കവും തൂക്കവും വർദ്ധിപ്പിച്ചു.

ശാംഭവി കൂട്ടുകാരേ, ഇതേ സംബന്ധിച്ച് ആദ്ധ്യാത്മരാമായണത്തിൽ മലയാളഭാഷാ പിതാവായ തുഞ്ചത്ത് എഴുത്തച്ഛൻ പറയുന്നതുകൂടി ശ്രദ്ധിയ്ക്കുക,

*“താതനും ഞാനുമൊക്കും ഗുരുത്വംകൊണ്ട്*
*ഭേദം നിനക്ക് ചെറ്റില്ലെന്ന് നിർണ്ണയം.*
*പോകണമെന്ന് താതൻ നിയോഗിക്കിൽ*
*ഞാൻ പോകരുതെന്ന് ശഠിയ്ക്കുന്നതുണ്ടല്ലോ?”*

എന്നു മാതാവായ കൌസല്യയുടെ വാക്കുകളും ഇവിടെ കൂട്ടി വായിയ്ക്കാവുന്നതാണ്. കലാസാഹിത്യസൃഷ്ടികൾ മനുഷ്യനന്മ ലാക്കാക്കി പിറവിയെടുത്തതാണെന്ന് വീണ്ടും വീണ്ടും ഓർമ്മിപ്പിയ്ക്കുകയാണ്.

(തുടരും)

---

ഔഷധസസ്യങ്ങൾ – 31

# ഞൊട്ടാഞൊടിയൻ

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

ഞൊട്ടാഞൊടിയൻ എന്നും ഞൊടിഞൊട്ടൻ എന്നും മലയാളത്തിൽ അറിയപ്പെടുന്ന ഈ ഔഷധച്ചെടി ഇന്ത്യയിൽ എങ്ങും കണ്ടുവരുന്നു. സോളനേസി കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം ഫൈസേലിസ് മിനിമ എന്നാണ്. സംസ്കൃതത്തിൽ മൃദുകുഞ്ചിക, ലക്ഷ്മണപ്രിയ തുടങ്ങിയ പേരുകളുണ്ട്. കൺട്രി ഗ്രൂസ്ബറി എന്നാണ് ഇംഗ്ലീഷിലുള്ള പേര്.

ഇതിന്റെ എല്ലാ ഭാഗങ്ങളും (സമൂലമായി) ഔഷധാവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്നു. ഇലകൾ ഓവൽ ആകൃതിയിൽ ഏകാന്തരമായി വിന്യസിച്ചിരിയ്ക്കുന്നു. പൂവ് ഒറ്റയായി മഞ്ഞനിറത്തിൽ വളരുന്നു. പഴം പച്ച നിറത്തിൽ ഗോളാകൃതിയിൽ ബെറി വിഭാഗത്തിൽപ്പെടുന്നു. പഴുത്ത് പാകമാകുമ്പോൾ ഇതിന്റെ പഴം തിന്നാൻ കുട്ടികൾ ഓടി വരാറുണ്ട്. തിക്തമധുര രസത്തോടുകൂടിയതാണ്.

മൂത്രം ധാരാളമായി സ്രവിപ്പിയ്ക്കുന്നതും വേദന ഇല്ലായ്മ ചെയ്യുന്നതുമാണ് ഈ ഔഷധം. കൂടാതെ വിരേചനത്തിന് (വയറ്റിൽനിന്ന് പോകാൻ) സഹായിയ്ക്കുന്നു. അസ്ഥിസ്രാവം എന്ന അസുഖത്തിന് ഉപയോഗിക്കാറുണ്ട്. വ്രണം, കരപ്പൻ, ചൊറിച്ചിൽ (അലർജി) മുതലായവയെ ഇല്ലായ്മ ചെയ്യുന്നു. പിത്തകോപാവസ്ഥയിൽ അതീവ പ്രയോജനപ്രദമാണ്. ശരീരത്തിൽ പുകച്ചിൽ, ചുമ, ശ്വാസംമുട്ടൽ, പ്ലീഹ തുടങ്ങിയ അസുഖങ്ങൾക്കും കാര്യമായ പ്രയോജനം ചെയ്യും. തക്രാരിഷ്ട ചൂർണ്ണം, നാരായണചൂർണ്ണം തുടങ്ങിയവയുടെ നിർമ്മാണത്തിൽ ഇത് ധാരാളമായി ഉപയോഗിയ്ക്കുന്നു.

---

(ശ്രീനാരായണപണ്ഡിതാചാര്യവിരചിതം)

# നരസിംഹസ്തുതി

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞലക്കം തുടർച്ച)

*13. ത്രിഭുവനതൃണമാത്രത്രാണതൃഷ്ണം തു*
*നേത്രത്രയമതിലഘിതാർച്ചിർവിഷ്ടപാവിഷ്ടപാദം*
*നവതരരവിതാമ്രം ധാരയൻ രൂക്ഷവീക്ഷം*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

സാരം - അവിടുത്തെ ക്രുദ്ധങ്ങളായ ത്രിനേത്രങ്ങളുടെ ശോഭ ത്രിഭുവനങ്ങ ളിലെ സകല വസ്തുക്കളെയും ശോഭയില്ലാത്തതാക്കുന്നു. അവയുടെ മുൻപിൽ ഈ പ്രപഞ്ചം മുഴുവൻ തൃണസദൃശങ്ങളാകുന്നു. ഉദിച്ചുയരുന്ന സൂര്യനെപ്പോലെ ചുവന്ന കാന്തിയേറുന്ന കണ്ണുകളോടു കൂടിയ അല്ലയോ

നരസിംഹഭഗവൻ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*14. ഭ്രമദഭിഭവഭൃദ്ഭൂരിഭൃഭാരസദ്ഭിദ്-*
*ഭിദനവവിഭവഭ്രൂവിഭ്രമാദഭ്രശുഭ്ര*
*രിപുഭവഭയമേതദ് ഭാസി ഭോ ഭോ വിഭോഭിർ*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

സാരം - അല്ലയോ ദേവാ, സദാ നവമായിരിക്കുന്ന അവിടുത്തെ കൺപീലികളുടെ ശോഭയാർന്ന ഭ്രമണം മിത്ഥ്യാധാരണകളെ നശിപ്പിക്കുകയും ജഗത്തിനെ പാലിക്കുകയും, അതിലെ ദോഷങ്ങളെ നശിപ്പിക്കുകയും അവിടുത്തെ ഭക്തന്മാരെ ഉപദ്രവിക്കുന്നവരെ ഇല്ലാതാക്കുകയും ചെയ്യുന്നു. മഹത്തായി പ്രകാശി ക്കുകയും മഹത്തുക്കളുടെ സംസാരഭയത്തെ നീക്കുകയും ചെയ്യുന്ന ഹേ നരസിംഹഭഗവൻ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*15. ശ്രുവണഖചിത ചഞ്ചൽ കുണ്ഡലോച്ചണ്ഡ ഗണ്ഡ*
*ഭ്രുകുടികടുലലാടശ്രേഷ്ഠനാസാരുണോഷ്ഠ*
*വരദസുരദരാജത് കേസരോത്സാരിതാരേ*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

സാരം - ചലിക്കുന്ന കുണ്ഡലങ്ങളാൽ അലങ്കൃതമായ ചെവികളോടും, ഭീകരമായ കവിളുകളോടും , ഇളകുന്ന കൺപീലികളാൽ മനോഹരമാക്കപ്പെട്ട പരന്നനെറ്റിയോടും, ആകർഷകമായ മൂക്കോടും, ചുവന്ന ചുണ്ടുകളോടും, സുന്ദരങ്ങളായ പല്ലുകളോടും , പ്രകാശിക്കുന്ന തലമുടിയോടും കൂടിയവനും തന്റെ ശത്രുക്കളെ നാലുപാടും ഓടിച്ചവനും വരങ്ങളെ പ്രദാനം ചെയ്യുന്നവനുമായ ഹേ നരസംഹമൂർത്തേ അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*16. പ്രവികചകചരാജദ്രത്നകോടീരശാലിൻ*
*ഗലഗതഗലദുസ്രോദാരരത്നാങ്ഗദാഢ്യ*
*കനകകടകകാഞ്ചീ ശിഞ്ജിനീമുദ്രികാവൻ*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

സാരം - മനോഹരങ്ങളായ തലമുടിയുടെ മുകളിൽ രത്നങ്ങൾ പതിച്ചതായ കിരീടം ധരിച്ചവനും, കഴുത്തിൽ ശോഭയാർന്ന രത്നമാല ധരിച്ചവനും,

ഭുജങ്ങളിലും കൈത്തണ്ടയിലും സ്വർണ്ണ വളകൾ ധരിച്ചവനും, കിലുങ്ങുന്ന അരഞ്ഞാണവും വിരലുകളിൽ മോതിരവും ധരിച്ച ഹേ നരസംഹഭഗവൻ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

17. *അരിദരമസിഖേടൌ ചാപബാണൌ ഗദാം സൻ*
*മുസലമപി കരാഭ്യാം അങ്കുശം പാശവര്യം*
*ദഹദപിവിധുതന്ത്രസ്രഗ്വിഭിന്നാരിവക്ഷോ*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

സാരം - ചക്രം, ശംഖ്, വാൾ, പരിച, വില്ല്, ബാണം, ഗദ, കലപ്പ, അങ്കുശം, പാശം, രണ്ടുകൈകളിലും കൂടി ശത്രുവിന്റെ (ഹിരണ്യകശിപുവിന്റെ) കുടൽ മാല എന്നിവ ധരിച്ചിരിക്കുന്നവനുമായ ഹേ നരസംഹമൂർത്തേ അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

18. *ജട ജട ജട ദൂരം മോഹയൻ ഭ്രാമയാരീൻ*
*കടി കടി കടി കായം ജ്വാലയ സ്ഫോടയസ്വ*
*ജഹി ജഹി ജഹി വേഗം ശാത്രവം സാനുബന്ധം*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

സാരം - അല്ലയോ ദേവ എന്റെ ശത്രുക്കളെ ദൂരത്തു നിന്നേ മോഹിപ്പിച്ച് ഭ്രമിപ്പിച്ചാലും. അവരുടെ ശരീരത്തെ കത്തിക്കുകയും പൊട്ടിത്തെറിപ്പിക്കുകയും ചെയ്താലും. ശത്രുക്കളെയും അവരുടെ ബന്ധുക്കളെയും എത്രയും വേഗം നശിപ്പിച്ചാലും. ഹേ നരസിംഹഭഗവൻ അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

19. *വിധിഭവ വിബുധേശ ഭ്രാമകാഗ്നിസ്ഫുലിങ്ഗ*
*പ്രസവിവികടദംഷ്ട്രോ ജ്ജിഹ്വവക് ത്ര ത്രിനേത്ര*
*കല കല കല കാമം പാഹിമാം തേ സുഭക്തം*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

സാരം - അവിടുത്തെ ദംഷ്ട്രങ്ങൾ,വദനം, മുഖം മൂന്നു നേത്രങ്ങൾ എന്നിവയിൽനിന്നും, പ്രവഹിക്കുന്ന അഗ്നിസ്ഫുലിങ്ഗങ്ങൾ ബ്രഹ്മാവ്, ശിവൻ, ഇന്ദ്രൻ എന്നിവരെ ഭ്രമിപ്പിക്കുന്നു. അവിടുന്ന് എന്റെ ആഗ്രഹങ്ങളെല്ലാം സാധിപ്പിക്കുകയും അവിടുത്തെ ഭക്തനായ എന്നെ രക്ഷിക്കുകയും ചെയ്താലും. ഹേ

നരസംഹമൂർത്തേ അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*20. കുരു കുരു കരുണാം താം സാങ്കുരാം ദൈത്യപോതേ*
*ദിശ ദിശ വിശദാം മേ ശാശ്വതീം ദേവദൃഷ്ടിം*
*ജയ ജയ ജയ മൂർത്തേനാർത്ത ജേതവ്യപക്ഷം*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

സാരം - അസുരപുത്രനായ പ്രഹ്ളാദനിൽ ദയ തോന്നിയ അങ്ങേക്ക് എന്നിലും ദയ തോന്നേണമേ. എന്നിൽ എല്ലായ്പ്പോഴും അവിടുത്തെ ദൃഷ്ടി ഉണ്ടായിരിക്കേണമേ. അല്ലയോ ദുഃഖമില്ലാത്തവനും ജയത്തിന്റെ മൂർത്തിമദ്ഭാവവു മായവനേ അവിടുന്ന് അസുരരെ ജയിക്കേണമേ. ഹേ നര സിംഹഭഗവൻ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*21. സ്തുതിരിയമഹിതാഘ്നി സേവിതാ നാരസിംഹീ*
*തനുരിവ പരിശാന്തമാലിനീ സാഭിതോലം*
*തദഖിലഗുരുമഗ്ര്യാശ്രീദരൂപാലസദ്ഭിഃ*
*സുനിയമനയകൃത്യൈഃ സദ്ഗണൈർനിത്യയുക്താ.*

സാരം - നരസിംഹത്തെ സേവിക്കുന്നതും, അഹിതങ്ങളെ നശിപ്പിക്കുന്ന തും, നരസിംഹശരീരം പോലുള്ളതും, ശാന്തമായതും മാലിനീവൃത്തത്തിൽ രചി ക്കപ്പെട്ടതും, നിയമബദ്ധമായി ഗുരുലഘു അക്ഷരങ്ങളെക്കൊണ്ട് ശോഭനമാ യിരിക്കുന്നതുമായ ഈ സ്തുതി നിത്യവും സദ്ഗുണങ്ങളോടു കൂടിയതാണ്.

*22. ലികുചതിലകസൂനുഃ സദ്ധിതാർത്ഥാനുസാരീ*
*നരഹരിനുതിമേതം ശത്രുസംഹാരഹേതും*
*അകൃതസകലപാപധ്വംസിനീം യഃ പഠേത് താം*
*വ്രജതി നൃഹരിലോകം കാമലോഭാദ്യസക്തഃ.*

സാരം - നരസിംഹഭക്തന്മാരുടെ മംഗളത്തിനായി ത്രിവിക്രമപണ്ഡിത കുടുംബത്തിലെ തിലകക്കുറിയായ നാരായണപണ്ഡിതനാൽ ശത്രുസംഹാര ത്തിനായിക്കൊണ്ട് രചിക്കപ്പെട്ടതും സകലപാപങ്ങളെ നശിപ്പിക്കുന്നതുമായ ഈ നരസിംഹസ്തുതി പാരായണം ചെയ്യുന്നയാൾ കാമലോഭാദികളിൽ നിന്നും മുക്തനായി നൃഹരിയുടെ ലോകത്തെ പ്രാപിക്കുന്നു.

ഇതി നരസിംഹസ്തോത്രം സമാപ്തം.

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (3)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞ ലക്കം തുടർച്ച)

### സ്തുതി – 13

*ഹംസായദീർഘദോഷാന്തകാരിണേമ്പരചാരിണേ*
*സ്വമഹോമഹിമധ്വസ്തസമസ്തതമസേനമഃ*

അർത്ഥം - മഹാരാത്രിയുടെ അന്ത്യം കുറിക്കുന്നവനും, ആകാശത്തിൽ വിരാജിക്കുന്നവനും, സ്വന്തം തേജസ്സിന്റെ മഹിമയാൽ സംസാരത്തിലെ എല്ലാ അന്ധകാരത്തേയും നശിപ്പിക്കുന്നവനുമായ സൂര്യൻ എന്നപോലെ അദ്വയ സ്വരൂപനും (ആത്മസ്വരൂപൻ), അജ്ഞാനാദി മഹാദോഷങ്ങളെ നശിപ്പിക്കുന്നവനും, പരമജ്യോതിസ്വരൂപനും, ഹൃദയമാകുന്ന ആകാശത്തിൽ വിരാജിക്കുന്നവനും, സ്വന്തം തേജസ്സിന്റെ മഹിമയാൽ സമസ്തങ്ങളായ അജ്ഞാനരൂപമായ അന്ധകാരങ്ങളേയും നശിപ്പിക്കുന്നവനുമായ ആ പരമ ശിവനാകുന്ന പരമാത്മാവിനു നമസ്കാരം.

### സ്തുതി – 14

*യഃ സുവർണേന ചന്ദ്രേണ ഗാങ്ഗേയേനാഗ്നിജന്മനാ*
*കാഞ്ചനേന ശ്രിയംധത്തേ തസ്മൈ സ്മരജിതേ നമഃ*

അർത്ഥം - ആരാണോ സുന്ദരവർണ്ണത്തിലുള്ള ചന്ദ്രനെ, ഗണപതി, കാർത്തികേയൻ ഇവരുടെ സംയോഗത്താൽ ഉണ്ടായ രാജശോഭയോടു കൂടി ധരിച്ചിരിക്കുന്നത്, ആരാണോ കാമദേവനെ ജയിച്ചത്, ആ സദാശിവ നേ പ്രണമിക്കുന്നു.

### സ്തുതി – 15

*നിജാങ്ഗഭങ്ഗഭങ്ഗ്യാപി ഭക്താനുഗ്രഹകാരിണേ*
*നമഃ സ്തംഭിതജംഭാരിഭുജസ്തംഭായശംഭവേ*

അർത്ഥം - ഏത് സദാശിവനാണോ സ്വന്തം അങ്ഗത്തിന്റെ (ലിംഗം എന്നപേരുള്ള പുരുഷചിഹ്നം, അഥവാ ലിംഗപ്രതിഷ്ഠാ) നാശത്തിലും ഭക്തർക്ക് മഹത്തായ അനുഗ്രഹങ്ങളെ നൽകുന്നത്, അതുപോലെ ആരാണോ ഇന്ദ്രന്റെ ബാഹു ദണ്ടിനെ സ്തംഭിപ്പിച്ചത്, ആ പരമ കല്യാണമയനായ പ്രഭുവിനെ ഞാൻ നമസ്കരിക്കുന്നു.

## സ്തുതി – 16

*നിഃസാമാന്യായമാന്യായന്യായമാർഗോപദേശിനേ*
*മൂർധന്യായ വദാന്യായ ധന്യായ സ്വാമിനേ നമഃ*

അർത്ഥം - ആരാണോ ഉപമിക്കാൻ സാധിക്കാതെ, സമാനതകളില്ലാതെ പരമപൂജ്യനായിരിക്കുന്നത്, അപ്രകാരം ആരാണോ ഭക്തർക്ക് സത്യമാർഗത്തെഉപദേശിക്കുന്നത് അല്ലെങ്കിൽ ആരാണോ കണാദൻ തുടങ്ങിയ മഹർഷിമാരുടെ രൂപത്തിൽ വന്ന് ന്യായശാസ്ത്രാദികളെ ഉപദേശിച്ചത്, അതുപോലെ ബ്രഹ്മാദിദേവന്മാരിൽ അഗ്രഗണ്യനും, ഭക്തർക്ക് അവരുടെ മനോഭിലഷിതമായ ആഗ്രഹങ്ങളെ സാധിപ്പിക്കുന്നവനും, ധന്യനുമായ ആ മഹേശ്വരനെ ഞാൻ പ്രണമിക്കുന്നു.

## സ്തുതി – 17

*നമഃ സംഹൃതകാലായ കാലായസഗളത്വിഷേ*
*ഗംഗാധൗതകലാപായ കലാപായമവിന്ദതേ*

അർത്ഥം - യമരാജ ഭയത്താൽ ഭയഭീതരായ രാജാശ്വേതനും, മാർക്കണ്ഡേയനും തുടങ്ങിയ ഭക്തർക്ക് അഭയം നൽകി കാലത്തെ അതിജീവിച്ചവനും, കാളകൂടവിഷം പാനംചെയ്യുക വഴി ആരുടെ കണ്ഠത്തിന്റെ കാന്തിയാണോ കറുത്തലോഹത്തെ പോലെ ശോഭിക്കുന്നത്, ഗംഗയുടെ പ്രവാഹത്താൽ അരുടെ ജടയാണോ വളരെ ശുദ്ധമായത്, അതുപോലെ ആരുടെ ശിരസ്സിലാണോ ക്ഷയിക്കാത്ത ചന്ദ്രക്കല വിരാജിക്കുന്നത്, ആ കരുണാസിന്ധുവാകുന്ന സദാശിവനെഞാൻ നമസ്കരിക്കുന്നു.

## സ്തുതി– 18

*ജിഷ്ണുനാജിഷ്ണുനാലോകാൻ വിഷ്ണുനാപ്രഭവിഷ്ണുനാ*
*ബ്രഹ്മണാ ബ്രഹ്മണാദ്യേന സ്തുതായ സ്വാമിനേ നമഃ*

അർത്ഥം - ലോകജിത്തായ ഇന്ദ്രൻ, സൃഷ്ടിയുടെ പാലകനായ വിഷ്ണു, വേദഭഗവാനായ ബ്രഹ്മാവ്, എന്നിവർ ആരെയാണോ സ്തുതിക്കുന്നത്, ആ സ്വാമി

സദാശിവന് എന്റെ പ്രണാമം.

## സ്തുതി – 19

*കുലശൈലദളംപൂർണസുവർണഗിരികർണികം*
*നമോധിതിഷ്ഠതേനന്തനാളം കമലവിഷ്ടരം*

അർത്ഥം - എട്ട് കുലപർവ്വതങ്ങൾ ആരിലാണോ ദളങ്ങളായി ശോഭിക്കുന്നത്, ആരിലാണോ മഹാനായ സുമേരു പർവ്വതം കർണ്ണികയായിട്ടും അതുപോലെതന്നെ അനന്തൻ നാളമായിട്ടും വർത്തിക്കുന്നത്, അത്തരത്തിലുള്ള ഭൂലോകരൂപിയായ താമരയിൽ ഇരുന്ന് സൃഷ്ടികാര്യങ്ങൾക്കുവേണ്ടി ആരാണോ ബ്രഹ്മാ വിന്റെ രൂപത്തിൽ സ്ഥിതിചെയ്യുന്നത്, ആ സദാശിവന് പ്രണാമം.

## സ്തുതി – 20

*നിമിത്തമന്തരേണാപി യഃ സപങ്കജനാഭയേ*
*പ്രവർത്തതേ വിഭുസ്തസ്മൈ നമഃ പങ്കജനാഭയേ*

അർത്ഥം - ഏതൊരു സർവ്വവ്യാപിയായ ഈശ്വരനാണോ പാപികളായ ജനങ്ങൾക്കു പോലും അഭയത്തെ പ്രദാനം ചെയ്യുവാൻ നിമിത്തമായി പ്രവർത്തിക്കുന്നത്, ആ പങ്കജനാഭിയെ അതായത് സൃഷ്ടിയുടെ പാലനത്തിനുവേണ്ടി ശ്രീ വിഷ്ണുരൂപം ധരിച്ചിരിക്കുന്ന സദാശിവന് പ്രണാമം.

## സ്തുതി – 21

*നമഃ സോമാർധദേഹായ സോമാർധകൃതമൗലയേ*
*ശ്വേതാഭയസമുദ്ഭൂതശ്വേതാഭയശസേ നമഃ*

ആരുടെ പാതി ശരീരമാണോ ശ്രീപാർവതീദേവീ, അതുപോലെ ആരുടെ ശിരസ്സിലാണോ അർധചന്ദ്രൻ വിരാജിക്കുന്നത്, ഇപ്രകാരം രാജാവായ ശ്വേതകന് അഭയം നൽകി ആരാണോ ആ കീർത്തിയാൽ അത്യന്തം വിഖ്യാതനായത്, ആ ശിവന്നമസ്കാരം.

## സ്തുതി – 22

*വിനതാനന്ദനം നാഗവിഗ്രഹോഗ്രമുഖം ദൃശാ*
*വിനായകമുപാസീനം ഭജതേ സ്വാമിനേ നമഃ*

ഭക്തർക്ക് ആനന്ദത്തെ പ്രദാനം ചെയ്യുന്നവനും, അപ്രകാരം ശരീരത്തിന്റെ മുകൾ ഭാഗം ആനയുടേതിനു സമാനമായി ഉഗ്രമുഖമായി സേവാനിരതനായി ദൃഷ്ടിയിൽ സ്നേഹനിധിയായ ശ്രീഗണേശനെപോലെ, അനുഗ്രഹത്തെ ചൊരിയുന്ന സ്വാമി ശങ്കരന് പ്രണാമം.

## സ്തുതി – 23

*നമോ ബ്രഹ്മഹരിത്ര്യക്ഷശ്രുവസേഭവസേതവേ*
*ജഗത്സർഗസ്ഥിതിഹ്രാസഹേതവേ വൃഷകേതവേ*

ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ ഇവരുടെ രൂപത്തെ ധരിച്ച് യശസ്സിനെ വർധിപ്പിച്ചവനും, ജഗത്തിന്റെ സൃഷ്ടി, സ്ഥിതി, സംഹാരം തുടങ്ങിയ കാര്യങ്ങൾ നിർവഹിക്കുന്നതിനു വേണ്ടി ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ തുടങ്ങിയ രൂപം ധരിക്കുന്നവനുമായ വൃഷഭധ്വജനായ സദാശിവനെ ഞാൻ നമസ്കരിക്കുന്നു.

## സ്തുതി – 24

*കർണ്ണികാദിഷ്വിവസ്വർണ്ണമർണ്ണവാദിഷ്വിവോദകം*
*ഭേദിഷ്വഭേദിയത്തസ്മൈ പരസ്മൈ മഹസേ നമഃ*

എപ്രകാരമാണോ നാമമാത്രത്തിൽ മാത്രം ഭിന്നമായി ഏകമായ സ്വർണ്ണംകമ്മൽ, മാല, വള എന്നിവയിൽ വ്യത്യസ്തമായി നിലകൊള്ളുന്നത്, അതുപോലെഎപ്രകാരമാണോ ഏകമായ ജലം, സമുദ്രം, നദീ തുടങ്ങിയവയിൽ നാമമാത്രത്തിൽ മാത്രം ഭിന്നമായി വർത്തിക്കുന്നത്, അപ്രകാരം സുരൻ-നരൻ, പശു-പക്ഷി തുടങ്ങിയ നാമങ്ങളിൽ, വ്യത്യസ്ത രൂപങ്ങളിൽ, എകമായ പരമമായ സത്യം വ്യാപിച്ചിരിക്കുന്നു. ആ പരമജ്യോതിയായ ചിദാനന്ദഘനസ്വരൂപമായ ശിവനെഞാൻ പ്രണമിക്കുന്നു.

## സ്തുതി – 25

*യമേകമേവശ്രയതോ ന ജായതേ*
*സ്പൃഹാപരസ്മൈമഹതേപിനാകിനേ*
*നമഃസമസ്താപദുപേതപാലന-*
*വ്രതായതസ്മൈവിഭവേപിനാകിനേ*

ഏതൊരു പ്രഭുവിനെ ശരണം പ്രാപിച്ചാലാണോ ഭക്തർ മറ്റൊരു മഹത്തായ ദേവതയേയും സേവിച്ച് വരദാനം പ്രാപ്തമാക്കുവാൻ ആഗ്രഹിക്കാത്തത്, അത്തരത്തിൽ എല്ലാ വൈഷമ്യങ്ങളിൽ നിന്നും ഭക്തരെ രക്ഷിക്കുന്ന സർവ്വസമർഥനായ സർവ്വവ്യാപിയായ ആ മഹേശ്വരന് അനേകം നമസ്കാരം.

## സ്തുതി – 26

*വിധൗജഗത്സർഗവിധൗയദാഹിതം*
*പ്രതിഷ്ഠിതംയത്സ്ഥിതികാരണേവിധൗ*
*സമൃദ്ധമൂർധാർധവിധൗലയേ ച യത്പ*

***രായതസ്മൈമഹസേനമോനമഃ***

പരമേശ്വരനായ സദാശിവൻ ജഗത്തിന്റെ സൃഷ്ടിക്കായിക്കൊണ്ട് സ്വന്തംതേജസ്സിനെ ബ്രഹ്മാവിൽ ലയിപ്പിച്ചു. അതുപേലെ ജഗത്തിന്റെ പാലനത്തിനായിക്കൊണ്ട് ആ തേജസ്സ് വിഷ്ണുരൂപത്തിൽ സ്ഥിതിചെയ്യുന്നു. അതുപോലെ ജഗത്തിന്റെ സംഹാരത്തിനായിക്കൊണ്ട് രുദ്രരൂപത്തിൽ നിലകൊള്ളുന്നു. ആ ഈശ്വരീയമായ പരമതേജസ്സിനെ വീണ്ടുംവീണ്ടും നമസ്കരിക്കുന്നു.

**സ്തുതി – 27**

***നമഃസമുത്പാദിതതാരകദ്വിഷേ***
***നമസ്ത്രിധാമാശ്രിതതാരകത്വിഷേ***
***നമോജഗത്താരകപുണ്യകർമണേ***
***നമോനമസ്താരകരാജമൗലയേ***

ഏത് സദാശിവനാണോ താരകാസുരനെ വധിക്കുന്നതിനുവേണ്ടി കാർത്തികേയസ്വാമിയെ ഉണ്ടാക്കിയത്, ആ സദാശിവന് എന്റെ നമസ്കാരം. സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നീ മൂന്നു തേജസ്സുകളും ആരുടെ നേത്രഗോളങ്ങളുടെ കാന്തിയെയാണോ ആശ്രയിക്കുന്നത്, അദ്ദേഹത്തിനെ ഞാൻ നമസ്കരിക്കുന്നു. ആരുടെ പവിത്രമനോഹരമായ കഥയാണോ ജഗത്തിന്റെ സമസ്തദുഃഖങ്ങളേയും ഇല്ലാതാക്കുന്നത്, ആ ജഗന്നാഥനെ ഞാൻ പ്രണമിക്കുന്നു. അപ്രകാരം ആരുടെ ശിരസ്സിലാണോ താരകരാജനായ ചന്ദ്രദേവൻ വിരാജിക്കുന്നത്, ആ കരുണാസാഗരനെ ഞാൻ വീണ്ടുംവീണ്ടും നമസ്കരിക്കുന്നു.

(തുടരും)

---

### മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (12)

### (ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

കഥമേതസ്യ കഞ്ചുകഷട്കസ്യാണം പ്രത്യന്തരങ്ഗത്വമിത്യാഹ.

*18. കംബുകമിവ തണ്ഡുലകണവിനിവിഷ്ടം ഭിന്നമപ്യഭിദാ*
*ഭജതേ തത്തു വിശുദ്ധിം ശിവമാർഗൌന്മുഖ്യയോഗേന*

**സാരം** - മേൽപറഞ്ഞ ആറ് കഞ്ചുകങ്ങളും അണുവിൽ എങ്ങനെ നിവേശിച്ചിരിക്കുന്നു എന്നു പറയുന്നു.

ഏതു പ്രകാരമാണോ നെല്ല് അരിയോടു കൂടിയിരിക്കുമെങ്കിലും അതിൽ നിന്നും വ്യത്യസ്തമായിരിക്കുന്നത്, (അതുപോലെ ജീവൻ അജ്ഞാനത്തോടു കൂടിയിരുന്നാലും) ശിവമാർഗ്ഗത്തിനോട് ഉന്മുഖനായിക്കൊണ്ട് വിശുദ്ധിയെ പ്രാപിക്കുന്നു.

**വൃത്തി** - വാസ്തവേന വൃത്തേന ഭിന്നമപി കംബുകം യഥാ അഭിദാ തണ്ഡുലകണവിനിവിഷ്ടം ഇത്യഭേദേന തണ്ഡുലാന്തശ്ചോതം ഭാസതേ നിപുണൈരപി യത്നതഃ പ്രക്ഷിപ്യമാണം തണ്ഡുലസ്യാന്തരങ്ഗത്വാന്ന പൃഥഗവതിഷ്ഠതേ തഥൈതന്മായാദികഞ്ചുകമണോസ്തണ്ഡുലസ്ഥാനീയസ്യാന്തരങ്ഗത്വാത് കംബുകസ്ഥാനീയം വ്യതിരിക്തമപ്യവ്യതിരിക്തതയാ പൂർണസംവിത് സ്വരൂപമാച്ഛാദ്യ സ്ഥിതമിതി ശേഷഃ. ഏവമപി ദുർനിവാരം കഥം തദ്വിലീയത ഇത്യാഹ. ഭജതേ ഇത്യാദി. തുഃ വിശേഷേ നാന്യോ അത്രോപായഃ.ശിവസ്യ സ്വാത്മമഹേശ്വരസ്യ യോ അസൌ മാർഗ്ഗഃ പരമാദ്വയചിദാനന്ദഘനോ അസ്മി മമൈവേദം വിശ്വം സ്വശക്തിവിജൃംഭണമാത്രമിതി യാ സ്വാത്മസ്വരൂപവിഭൂതിപ്രത്യവമർശരൂപാ സരണിഃ തദൌന്മുഖ്യം ദാർഢ്യേന തന്നിഭാലനപരത്ത്വം സ ഏവ യോഗഃ പൂർണ്ണരൂപതയാണോഃ സ്വാത്മനി സ്വസ്വരൂപത്വേന സംബന്ധസ്തേന തത് ഉക്തസ്വരൂപം കഞ്ചുകം വിശേഷേണ ശുദ്ധിം ഭജതേ സ്വയമേവ നിശ്ശേഷേണ വിലയം സേവതേ.ഏതദുക്തം സ്യാദ്യദാ പരമേശ്വരശക്തിപാതവിശുദ്ധഹൃദയഃ പശുർഭവതി തദാഹമേവ മഹേശ്വര ഇതി സ്വാത്മജ്ഞാനാവിർഭാവാത് സ്വയമേവ പശുത്വാപാദകം കഞ്ചുകാവരണം വിലീയതേ ന പുനരത്ര സ്വാത്മജ്ഞാനം വിഹായ മായീയം കിഞ്ചിന്നിയതിശക്തിസമുത്ഥം കർമ്മ പ്രഗല്ഭത ഇതി.

**പരിഭാഷ** - വാസ്തവത്തിൽ നെല്ല് അരിയിൽ നിന്നും ഭിന്നമാണെങ്കിലും വിദഗ്ധന്മാരാൽ പോലും അടർത്തിമാറ്റാൻ പറ്റാത്തവിധം അരിമണിയോട് ചേർന്നതായി സ്ഥിതി ചെയ്യുന്നു. അപ്രകാരം തന്നെ മായ തുടങ്ങിയ അണുവിന്റെ കഞ്ചുകങ്ങൾ നെല്ലിനെപ്പോലെ ഭേദമുണ്ടെങ്കിലും ഭേദം കൂടാതെതന്നെ പൂർണ്ണസംവിത് സ്വരൂപത്തെ മറച്ച് സ്ഥിതി ചെയ്യുന്നു. അങ്ങനെയുള്ള ആ ആവരണത്തെ എങ്ങനെ നിവാരണം ചെയ്യാമെന്നു പറയുന്നു. ശുദ്ധിയിലൂടെ അത് സംഭാവ്യമാണത് എന്നത് വിശേഷാർത്ഥമാണ്. മറ്റൊരു വഴിയില്ല എന്നർത്ഥം. സ്വാത്മമഹേശ്വരനായ ശിവന്റെ മാർഗ്ഗമായ ഇത് താൻ പരമാനന്ദചിദ്ഘനനാണ് എന്നും ഇക്കാണുന്ന പ്രപഞ്ചം തന്റെ ശക്തിയുടെ വിജൃംഭണമാണെന്നുമുള്ള തന്റെ തന്നെ സ്വരൂപത്തിന്റെ നിരന്തരമനനം ദൃഢത

യോട്ടുകൂടിയുള്ള അതേ മാർഗ്ഗത്തിലുള്ള ഗമനം എന്നിവയാണ്. ഇതാണ് യോഗം. അണുവിന് പൂർണ്ണരൂപത്തിൽ തന്റെതന്നെ സ്വരൂപവുമായി സംബന്ധമുണ്ട്. ഇപ്രകാരം മുൻപു പറഞ്ഞതായുള്ള കഞ്ചുകം (ശിവയോഗത്തിലൂടെ) ശുദ്ധമായിത്തീരുകയും പൂർണ്ണമായും (പരമമായ ശിവനിൽ) ലയിക്കുകയും ചെയ്യുന്നു. അങ്ങനെ പശു (ജീവൻ) പരമേശ്വരന്റെ ശക്തിപാതത്താൽ വിശുദ്ധഹൃദയനായിത്തീർന്ന് താൻതന്നെയാണ് മഹേശ്വരനെന്ന സ്വാത്മജ്ഞാനാവിർഭാവത്തിൽനിന്നു തന്നെ തന്റെ പശുത്ത്വത്തിനു കാരണമായ കഞ്ചുകങ്ങളുടെ ആവരണത്തിൽനിന്നും മുക്തനാകുന്നു. ഇവിടെ സ്വാത്മജ്ഞാനമല്ലാതെ മായീയമായ നിയതിശക്തിയിൽനിന്നുണ്ടായ ഒരു ഉപായം കൊണ്ടും ഫലമില്ല.

(തുടരും)

---

# കാശ്മീര ശൈവസമ്പ്രദായം (13)

## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

(തന്ത്രസാരം ഉള്ളടക്കം തുടർച്ച)

### പതിനെട്ടാമാഹ്നികം (അഭിഷേകവിധിഃ)

ഈ ആഹ്നികത്തിൽ ജ്ഞാനോദയമുണ്ടായ ഒരാളെ ആചാര്യപദപ്രാപ്തിക്കുവേണ്ടിയോ അല്ലെങ്കിൽ സാധകപദപ്രാപ്തിക്കുവേണ്ടിയോ അഭിഷിക്തനാക്കണം എന്ന് പറയുന്നു. അങ്ങനെ അഭിഷിക്തനായ ഒരാൾ ആറുമാസം മന്ത്രദേവതാതാദാത്മ്യസിദ്ധിക്കായി എല്ലാദിവസവും ജപം, ഹോമം, വിശേഷ പൂജ എന്നിവ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നു. അങ്ങനെ ചെയ്യുന്നതു വഴി ദേവതയുമായി സാധകന് അല്ലെങ്കിൽ ആചാര്യന് ഉപാസ്യദേവതയുമായി തന്മയീഭാവം സിദ്ധിക്കുന്നു. അങ്ങനെ തന്മയീഭാവം സിദ്ധിച്ച ഒരാൾക്കാണ് മറ്റുള്ളവർക്ക് ദീക്ഷനല്കാൻ അധികാരം.

ഇനി ആരെ ദീക്ഷിക്കണം എന്നുപറയുന്നു. യോഗ്യതയില്ലാത്തവരെ ദീക്ഷിക്കരുത്. യോഗ്യതയുണ്ടെന്ന് തോന്നുന്നയാളെ ഒരിക്കലും ഒഴിവാക്കാനും പാടില്ല. ദീക്ഷിതനാണെങ്കിൽകൂടി ജ്ഞാനോപദേശം നല്ലവണ്ണം പരീക്ഷിച്ചതിനുശേഷമേ നല്കാവൂ. തെറ്റായമാർഗ്ഗത്തിൽ അറിവുസമ്പാദിച്ചയാളെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കണം. ഇത്രയും പറഞ്ഞശേഷം ഈ ആഹ്നികം അവസാനിക്കുന്നു.

## പത്തൊമ്പതാമാഹ്നികം

ഈ ആഹ്നികത്തിൽ മൃതോദ്ധാരദീക്ഷയാണ് മുഖ്യപ്രതിപാദ്യവിഷയം. മൃതോദ്ധാരദീക്ഷയെന്നാൽ മരിച്ചുപോയ വൈഷ്ണവാദിസമ്പ്രദായത്തിൽ പെട്ട ഒരാളെ ശക്തിപാതം വഴി ദീക്ഷനല്കി മുക്തനാക്കുന്ന ഒരു ദീക്ഷാരീതിയാണ്. വൈഷ്ണവാദിസമ്പ്രദായത്തിൽ പെട്ട ഒരാളെ മാത്രമല്ല അദ്വയശാസനത്തിൽ പെട്ട ഒരാളെയും ഇപ്രകാരം ദീക്ഷിക്കാമെന്നാണ് ശാസ്ത്രം.

## ഇരുപതാമാഹ്നികം (ശേഷവർത്തനം)

ദീക്ഷലഭിച്ചതിനുശേഷം ശിഷ്യൻ എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് ഈ ആഹ്നികത്തിൽ പറയുന്നു. ശിഷ്യൻ ചെയ്യേണ്ട പ്രവൃത്തികളെ സാമാന്യമായി നിത്യം, നൈമിത്തികം, കാമ്യം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. ഇവയിൽ കാമ്യം സാധകനെ ഉദ്ദേശിച്ചാണെന്ന് അഭിനവഗുപ്തപാദർ പ്രത്യേകം പറയുന്നു. നിത്യമെന്നാൽ മുടങ്ങാതെ ചെയ്യേണ്ട കർമ്മങ്ങൾ. അതിൽ സന്ധ്യോപാസന, ഗുരുപൂജ, പർവ്വപൂജ, പവിത്രാരോപണം എന്നിവയൊക്കെ ഉൾപ്പെടുന്നു. നൈമിത്തികമെന്നാൽ ജ്ഞാനലാഭം, ശാസ്ത്രലാഭം, ഗുരുവോ ഗുരുവർഗ്ഗത്തിൽ പെട്ട ആരെങ്കിലുമോ സ്വഗൃഹത്തിൽ വന്നാൽ ചെയ്യേണ്ടുന്ന കാര്യങ്ങൾ ഇവയൊക്കെയാണ്. തുടർന്ന് ശിഷ്യൻ എന്തൊക്കെ വീഴ്ചവരാതെ ചെയ്തിരിക്കണം എന്ന് പറയുന്നു. അവയിൽ ചിലതുമാത്രം ഇവിടെ ഉദ്ധരിക്കുന്നു. ഗുരുദേഹം, സ്വദേഹം, ശക്തിദേഹം, ശാസ്ത്രപുസ്തകം, വീരപാത്രം, അക്ഷമാലാ, ആയുധം, ബാണലിംഗം, പുഷ്പ, ഗന്ധ, ദ്രവ്യാദികളെക്കൊണ്ടുണ്ടാക്കിയ ശിവലിംഗം, കണ്ണാടി ഇവയിലേതെങ്കിലും ഒന്നിൽ വേണം അർച്ചിക്കാൻ. പൂച്ച, എലി, പട്ടി തുടങ്ങിയ മൃഗങ്ങൾ ഭക്ഷിച്ച പൂജാപദാർത്ഥങ്ങളിൽ അശുദ്ധി കാണരുത്. തുടർന്ന് പർവ്വവിധി, പവിത്രവിധി എന്നിവ ചുരുക്കിപ്പറയുന്നു.

## വ്യാഖ്യാവിധിഃ

ശാസ്ത്രപഠനം, വ്യാഖ്യാനം എന്നിവ എങ്ങനെ ശാസ്ത്രമനുസരിച്ച് ചെയ്യണം എന്നാണ് വ്യാഖ്യാവിധികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. ഇത് തന്ത്രസാരത്തിലെ വളരെ ശ്രദ്ധേയമായ ഒരു ഭാഗമാണ് കാരണം മറ്റ് ശാസ്ത്രങ്ങളിലൊന്നും തന്നെ ഇങ്ങനെ ഒരു രീതി ഉള്ളതായി കാണുന്നില്ല. അതിങ്ങനെയാണ്:

ആദ്യമായി ശാസ്ത്രത്തിന്റെ മർമ്മം ഗ്രഹിച്ചതായ ഗുരുവിനോട് ശാസ്ത്രം വ്യാഖ്യാനിക്കാൻ അഭ്യർത്ഥിക്കണം. ആ ഗുരു സ്വശിഷ്യനോ അല്ലെങ്കിൽ പരശിഷ്യനോ ശാസ്ത്രം വ്യാഖ്യാനിച്ചു കൊടുക്കണം. വൈഷ്ണവാദിസമ്പ്രദായങ്ങ

ളിൽ പെട്ട ഒരാൾക്കാണ് ശാസ്ത്രോപദേശം നല്കേണ്ടിവരുന്നതെങ്കിൽ മർമ്മ പ്രധാന ഭാഗങ്ങളൊഴിച്ചുള്ളതേ ഉപദേശിച്ചുകൊടുക്കാവൂ. വ്യാഖ്യാനം തുടങ്ങുന്നതിന് മുമ്പ് വ്യാഖ്യാനത്തിനായി തിരഞ്ഞെടുക്കുന്ന സ്ഥലത്ത് ചന്ദനാദികൾ കൊണ്ട് മെഴുകി അവിടെ ഗുരുഗണപതിമാരേയും വ്യാഖ്യാനിക്കാൻ പോകുന്ന ശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള ദേവതയേയും പൂജിക്കണം. തുടർന്ന് സൂത്രവാക്യങ്ങളോടും പടലങ്ങളോടും കൂടിയ ശാസ്ത്രഗ്രന്ഥത്തെ വ്യാഖ്യാനിക്കണം. ചുരുക്കേണ്ടിടത്ത് ചുരുക്കിയും ആവർത്തിക്കേണ്ട ഇടങ്ങളിൽ ആവർത്തിച്ചും പൂർവ്വപക്ഷത്തെ പ്രധാന സിദ്ധാന്തവുമായി ഘടിപ്പിച്ച് അതിനെ നിരാകരിച്ച് താത്പര്യാർത്ഥം മനസ്സിലാക്കിക്കൊടുത്ത് വ്യാഖ്യാനിക്കണം. വ്യാഖ്യാനത്തിന് ശേഷം വീണ്ടും ഗ്രന്ഥപൂജചെയ്ത് ഗ്രന്ഥാധാരത്തെ നദിയിലോ മറ്റോ ആഴമുള്ള സ്ഥലത്ത് ഉപേക്ഷിക്കണം. ഇതാണ് ശാസ്ത്രവ്യാഖ്യാനരീതി.

തുടർന്ന് ഈ മാർഗ്ഗത്തിൽ ദീക്ഷിതനായ ഒരാൾ ചെയ്യുന്ന തെറ്റുകൾക്ക് എന്തൊക്കെയാണ് പ്രായശ്ചിത്തം എന്ന് പ്രതിപാദിക്കുന്നു. സ്ത്രീവധമാണ് ചെയ്തതെങ്കിൽ പ്രായശ്ചിത്തം ഇല്ലതന്നെ. മറ്റ് അപരാധങ്ങൾക്ക് മാലിനീ എന്ന മന്ത്രം മൂന്നുലക്ഷം വരെ ആവർത്തിച്ച് ജപിക്കലാണ് പ്രായശ്ചിത്തം.

തുടർന്ന് ഗുരുപൂജ പറയുന്നു. അതോടെ ഈ ആഹ്നികം അവസാനിക്കുന്നു.

## ഇരുപത്തൊന്നാമാഹ്നികം

ഇതിൽ ആഗമപ്രാമാണ്യം സമർത്ഥിക്കുന്നു.

## ഇരുപത്തിരണ്ടാമാഹ്നികം

ഈ ആഹ്നികത്തിൽ കുളയാഗം, ബാഹ്യയാഗം, യാമളയാഗം എന്നിവ ചുരുക്കിപ്പറഞ്ഞ ശേഷം ഇതിൽ കുളയാഗമാണ് ഏറ്റവും പ്രധാനം എന്ന് പറഞ്ഞു കൊണ്ട് ഈ ആഹ്നികം അവസാനിക്കുന്നു.

ഇങ്ങനെ തന്ത്രസാരത്തിൽ ഇരുപത്തിരണ്ട് ആഹ്നികങ്ങളിലായി പറഞ്ഞകാര്യങ്ങൾ ഇവിയെ ചുരുക്കിപ്പറഞ്ഞുകഴിഞ്ഞു. അഭിനവഗുപ്തപാദർ ഈ വിഷയങ്ങളെയൊക്കെത്തന്നെയാണ് തന്ത്രാലോകത്തിൽ വിസ്തരിച്ചുപറയുന്നത്. ഇത്ര യും ആമുഖമായി പറഞ്ഞകാര്യങ്ങൾ ഇനി ഇവിടെ പറയാനുദ്ദേശിക്കുന്ന അഭിനവഗുപ്തപാദരുടെ ബോധപഞ്ചദശികയിലോക്ക് പ്രവേശിക്കുന്നതിന് ഏറെ പ്രയോജനപ്രദമാവും എന്നാണനുമാനിക്കുന്നത്.

## ബോധപഞ്ചദശിക

കാശ്മീരശൈവസമ്പ്രദായത്തിന്റെ അഥവാ ത്രികദർശനത്തിന്റെ ഏറ്റവും കാതലായ തത്ത്വങ്ങളാണ് അഭിനവഗുപ്തപാദർ പതിനഞ്ചുശ്ലോകങ്ങ

ളിലൂടെ ബോധപഞ്ചദശികയിൽ അവതരിപ്പിക്കുന്നത്. പരമാദ്വയവാദമനുസരിച്ച് എന്താ ണോ പരമമായ അറിവ് അഥവാ ബോധം അതിനെ അഭിനവഗുപ്തപാദർ വാക്കുകളാൽ ബോധപഞ്ചദശികയിലൂടെ അനുഭവവേദ്യമാക്കിത്തീർക്കുന്നു. പഞ്ചദശികാ എന്നതുകൊണ്ട് പതിനഞ്ചുശ്ലോകങ്ങളടങ്ങിയ ഒരു കൃതി എന്നാണ് ഉദ്ദേശിക്കുന്നതെങ്കിലും പതിനാറാമതായി ഒരു ശ്ലോകം കൂടി ലഭ്യമായ എല്ലാ പാഠങ്ങളിലും കാണാൻ സാധിക്കും. ഇതിൽ ആരെ ഉദ്ദേശിച്ചാണ് ഇതെഴുതിയതെന്നാണ് പ്രസ്താവിക്കുന്നത്.

ബോധപഞ്ചദശികയുടെ KSTS (Kashmir Series of Texts and Studies) 1947ൽ ഇറക്കിയ പതിപ്പ് ഇന്ന് ഇന്റർനെറ്റിൽ ലഭ്യമാണ്. പരമാർത്ഥചർച്ചാ, ബോധപഞ്ചദശികാ എന്നീ രണ്ടു ഗ്രന്ഥങ്ങൾക്കും പണ്ഡിറ്റ് ഹരഭട്ട ശാസ്ത്രി രചിച്ച വ്യാഖ്യാനത്തോടുകൂടിയുള്ള പതിപ്പാണിത്.

ബോധപഞ്ചദശികതന്നെ മറ്റു രണ്ടുപേരുകളിലും കൂടെ അറിയപ്പെടുന്നുണ്ട്. താളിയോലപ്പകർപ്പുകളിൽ പലതിലും പ്രബോധപഞ്ചദശികാ എന്നാണ് കൊടുത്തുകാണുന്നത്. കൂടാതെ കാമകലാവിലാസം എന്ന ത്രൈപുരസിദ്ധാന്തവുമായി ബന്ധപ്പെട്ട ഗ്രന്ഥത്തിൽ അതിന്റെ വ്യാഖ്യാതാവായ നടനാനന്ദൻ ബോധപഞ്ചദശികയെ പരാപഞ്ചാശികാ എന്നാണ് പരാമർശിച്ചുകാണുന്നത്.

ബോധപഞ്ചദശികയ്ക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ളത് രണ്ടു വ്യാഖ്യാനങ്ങൾ മാത്രമാണ്. ഒന്ന് നേരത്തെ സൂചിപ്പിച്ച ഹരഭട്ടശാസ്ത്രികളുടെ വ്യാഖ്യാനം. ഇതിന് അദ്ദേഹം പേര് നിർദ്ദേശിച്ചു കാണാനില്ല. ഹരഭട്ടശാസ്ത്രികൾ കാശ്മീരശൈവസമ്പ്രദായത്തിലുള്ള ഒരുപാട് ഗ്രന്ഥങ്ങൾ സംശോധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള ഒരാളാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ അറിവിന്റെ വിശാലത അദ്ദേഹം ചമച്ച എല്ലാ വ്യാഖ്യാനങ്ങളിലും അതുപോലെത്തന്നെ സ്വതന്ത്രകൃതികളിലും കാണാനാകും. ബോധപഞ്ചദശിക വ്യാഖ്യാനിക്കുന്ന സമയത്ത് അദ്ദേഹം തന്ത്രാലോകം, തന്ത്രസാരം, ഈശ്വരപ്രത്യഭിജ്ഞാകാരികാ, വിജ്ഞാനഭൈരവം തുടങ്ങിയ ഗ്രന്ഥങ്ങളിൽ നിന്നും ധാരാളമായി ഉദ്ധരിക്കുന്നതു കാണാം.

ഇതിന്റെ ലഭ്യമായിട്ടുള്ള രണ്ടാമത്തെ വ്യാഖ്യാനം അവധൂതമുനി എന്ന ഒരാളുടേതാണ്. ഈ വ്യാഖ്യാനം പ്രസിദ്ധീകൃതമല്ല. ഗ്രന്ഥലിപി, തെലുങ്ക്, ദേവനാഗരി എന്നീ ലിപികളിലാണ് ഇത് കിട്ടാനുള്ളത്. അവധൂതമുനി ഏത് ദേശക്കാരനാണെന്നും ഏത് കാലഘട്ടത്തിൽ ജീവിച്ചിരുന്ന ആളായിരുന്നെന്നും അറിവില്ല. ഇദ്ദേഹത്തിന്റെ വ്യാഖ്യാനത്തിന് നാമകരണം ചെയ്തു കാണുന്നത് പ്രബോധപഞ്ചദശികാ ചർച്ചാ (ഇതി ശ്രീ പ്രബോധപഞ്ചദശികാ ചർച്ചാ സമ്പൂർണ്ണാ) എന്നാണ് . ഈ വ്യാഖ്യാനത്തിൽ ഒരിടത്ത് അവധൂതമുനി ത്രികാദർശം എന്ന പേരിൽ അദ്ദേഹം തന്നെ എഴുതിയ ഒരു ഗ്രന്ഥത്തിൽ നിന്നും ഒരു ശ്ളോകം ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെയാണ്

*ജ്ഞാനം വിമർശഘനമേവ ഹി തത്തദർത്ഥ-*

*സത്ഭാവമാപ്തമനുഭൂയത ആത്മവിദ്ഭിഃ*
*യേഷാമവാപ്തസകലാർത്ഥതയാത്മസിദ്ധി-*
*രേകാവസാത്മനി ഘടേപി ച വേദ്യമാനേ*

ഇതിലൂടെ ത്രികാദർശം എന്നൊരു ഗ്രന്ഥം കൂടി അദ്ദേഹം രചിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാം. ഇദ്ദേഹം തന്റെ വ്യാഖ്യാനത്തിൽ ഈശ്വരപ്രത്യഭിജ്ഞാകാരികയിൽ നിന്നുമാണ് കൂടുതലും ഉദ്ധരിച്ചുകാണുന്നത്.

അഭിനവഗുപ്തപാദർ ഗ്രന്ഥാവസാനത്തിൽ ആരെ ഉദ്ദേശിച്ചാണ് ബോധപഞ്ചദശിക ഉപദേശിച്ചതെന്ന് വ്യക്തമാക്കുന്നുണ്ട്. ആ ശ്ലോകം ഇങ്ങനെയാണ്.

*സുകുമാരമതീൻ ശിഷ്യാൻ പ്രബോധയിതുമഞ്ജസാ*
*ഇമേഭിനവഗുപ്തേന ശ്ലോകാഃ പഞ്ചദശോദിതാഃ*

ആ ശ്ലോകം കൊണ്ട് അർത്ഥമാക്കുന്നത് അദ്ദേഹം ഇതെഴുതിയത് സുകുമാരമതികളെ ഉദ്ദേശിച്ചാണ് എന്നാണ്. സുകുമാരമതികളെന്നാൽ സുഖലോലുപർ, ശാസ്ത്രങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ താത്പര്യമില്ലാത്തവർ എന്നൊക്കെ അർത്ഥം. പക്ഷേ, ശക്തിപാതം ലഭിച്ചവരായിരിക്കണം എന്ന് അവധൂതമുനി നിഷ്കർഷിക്കുന്നു. മന്ദശക്തിപാതമുള്ളവർ എന്നാണ് സുകുമാരമതികൾ എന്നതിനെ ഹരഭട്ടശാസ്ത്രികൾ വ്യാഖ്യാനിക്കുന്നത്. അങ്ങനെയുള്ളവർക്ക് വേഗം തന്നെ ബോധോദയമുണ്ടാവണം എന്ന ഉദ്ദേശത്തോടെയാണ് (പ്രബോധയിതും അഞ്ജ സാ) താൻ ഇതെഴുതിയതെന്നാണ് അഭിനവഗുപ്തപാദർ പറയുന്നത്. ഇതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്ന കാര്യങ്ങളിലൊന്ന് ശക്തിപാതമാണ് ഈഗ്രന്ഥം പഠിക്കുന്നതിന് വേണ്ട യോഗ്യത എന്നാണ്. മന്ദമന്ദശക്തിപാതമെങ്കിലും ഉള്ള ആളായിരിക്കണം. രണ്ടാമത്തെക്കാര്യം മന്ദമതികൾക്കും മനസ്സിലാവുന്ന രീതിലാണ് ത്രികദർശനത്തിന്റെ സാരത്തെ അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നത്. മൂന്നാമത് ഇത് ശരിയായ രീതിയിൽ മനസ്സിലാക്കിയാൽ ഉടൻതന്നെ തിരിച്ചറിവ് (പ്രത്യഭിജ്ഞ) സംഭവിക്കും. അതായത് താൻ തന്നെയാണ് ശിവൻ അഥവാ പരമമായ തത്വം എന്ന തിരിച്ചറിവുണ്ടാകും.

പതിനഞ്ചു ശ്ലോകങ്ങളിലായി പ്രകാശം, വിമർശം മുതലായ തത്വങ്ങൾ തുടങ്ങി എന്താണ് വാസ്തവത്തിൽ ബന്ധമോക്ഷങ്ങൾ എന്നു വരെയുള്ള ത്രികദർശനത്തിന്റെ മർമ്മപ്രധാനങ്ങളായ ചിന്തകളാണ് ഇതിലെ പ്രതിപാദ്യവിഷയം. അഭിനവഗുപ്തപാദർ വളരെ ചുരുക്കിയാണ് ത്രികദർശനസാരത്തെ ഇതിൽ അവതരിപ്പിക്കുന്നത് എന്നതിനാൽ വിസ്തരിച്ച് വ്യാഖ്യാനിക്കുന്നതിനും സാധ്യതയുള്ള ഒരു ഗ്രന്ഥമാണ് ബോധപഞ്ചദശിക.

(തുടരും)

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

## SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | K.P. Sreedharan Namboothiri |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | K.P. Sreedharan Namboothiri |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Publications |
| Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, K.P. Sreedharan Nambuthiri, hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**K.P. SREEDHARAN NAMBOOTHIRI**
**PUBLISHER**

# ലളിതാസഹസ്രനാമം (34)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

## ദുഃഖഹന്ത്രീ

ദുഃഖങ്ങളെയെല്ലാം ഹനിക്കുന്നവൾ. നമുക്ക് എന്തെല്ലാം ദുഃഖങ്ങളുണ്ടോ അതിൽനിന്നെല്ലാം നമ്മളെ മോചിപ്പിക്കും. ഏതെല്ലാം തരത്തിലുള്ള ദുഃഖങ്ങളുണ്ടോ അതെല്ലാം ഇല്ലാതാകുവാൻ വിവിധതരത്തിലുള്ള ഭാവങ്ങളിൽ ദുർഗ്ഗ ആവിർഭവിക്കുന്നു. 40 ഭാവങ്ങളിലായി രൂപങ്ങൾ എടുക്കുന്നു ദുർഗ്ഗ. ശത്രുക്കളെകൊണ്ടുള്ള വല്ലാത്ത ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ ഭക്തരക്ഷയ്ക്കായ് ആ ഉപാസകനുവേണ്ടി ദുർഗ്ഗ ശൂലിനീരൂപത്തിൽ അവതരിക്കും. പതിനെട്ട് തരത്തിലുള്ള ഗ്രഹദോഷങ്ങൾ അതായത് ലോകത്തുള്ള പതിനെട്ട് തരത്തിലുള്ള സൂക്ഷ്മജീവികളാലുണ്ടാകുന്ന ദോഷങ്ങൾ നമുക്ക് ഉണ്ടാകുമ്പോൾ അതിനെയാണ് ഗ്രഹപിഴ എന്ന് പറയുന്നത്. ഈ സൂക്ഷ്മജീവികളുടെ ബാധയുണ്ടാകുമ്പോൾ അവയിൽ നിന്ന് രക്ഷ നേടാനാണ് ഈ ശൂലിനീദു ർഗ്ഗാമന്ത്രം. ശൂലിനീദുർഗ്ഗയ്ക്ക് നിഗ്രഹപഞ്ചദശീ എന്നൊരു പേര്. ശ്രീവിദ്യാ മന്ത്രത്തിന് അനുഗ്രഹപഞ്ചദശി എന്നൊരു പേര്. മന്ത്രപ്രയോഗങ്ങളിൽ വളരെ വിശേഷമായിട്ടാണ് ശീലിനീമന്ത്രത്തെ പറയുന്നത്. ശത്രുക്കളിൽ നിന്ന് ബുദ്ധിമുട്ട്, അപസ്മാരത്തിൽ നിന്ന് ബുദ്ധിമുട്ട് എന്നീങ്ങനെ ഓരോന്നിൽ നിന്നും ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ അവയിൽ നിന്നെല്ലാം നിവൃത്തിയ്ക്കാനായി ഓരോ ദുർഗ്ഗകൾ ഉണ്ടാകും. അല്ലെങ്കിൽ ദുർഗ്ഗാ എന്ന നാമം മാത്രം ചൊല്ലിയാലും രക്ഷപ്പെടും.

## സുഖപ്രദാ

സുഖത്തെ പ്രദാനം ചെയ്യുന്നവൾ. ദുഃഖമുണ്ടായാൽ ദുർഗ്ഗയെ ആശ്രയിച്ചാൽ മതി. അപ്പോൾ ദുഃഖമില്ലാതെയാകും. അപ്പോൾ ഉണ്ടാകുന്നതാണ് സുഖം. അങ്ങനെ സുഖം തരുന്നതും ദേവിയാണ്. അതുകൊണ്ട് ദേവിയ്ക്ക് സുഖപ്രദാ എന്ന പേര്.

*ദുഷ്ടദൂരാ ദുരാചാരശമനീ ദോഷവർജിതാ*
*സർവജ്ഞാ സാന്ദ്രകരുണാ സമാനാധികവർജിതാ 51*

## ദുഷ്ടദൂരാ

ദുഷ്ടശക്തികളും ദുഷ്ടന്മാരും ദൂരയായിരിയ്ക്കുന്നവൾ. സുഖം ഉണ്ടായാൽ നമ്മളിൽ ദുഷ്ടതകൾ ഉണ്ടാകുകയില്ല.

## ദുരാചാരശമനീ

ദുരാചാരങ്ങളെയെല്ലാം ശമിപ്പിയ്ക്കുന്നവൾ. ദേവീനാമം ജപിയ്ക്കുമ്പോൾ ദുഃഖം പോയി നമുക്ക് സുഖം വരികയും ചെയ്യും. അങ്ങനെ മനസ്സിൽ സുഖം വന്നാൽ ദുഷ്ടചിന്തകൾ എല്ലാം നമ്മളിൽ നിന്ന് ഒഴിഞ്ഞ് പോകും. ദുഷ്ടചിന്തകൾ ഇല്ലാത്തതുകൊണ്ട് ദുഷ്ടപ്രവൃത്തികൾ ഒന്നും നമ്മൾ ചെയ്യുകയില്ല. അങ്ങനെ നമ്മളിൽ വന്ന് ചേരാവുന്ന ദുഷ്പ്രവൃത്തികളെയും ഇല്ലാതാകുന്നവൾ എന്നർത്ഥത്തിൽ ഈ നാമം. ആചാരവും അനുഷ്ഠാനവും ഒന്നിച്ചാണ് പറയുക. ഏത് ജോലിയ്ക്കും ആചാരമുണ്ട്. വേഷം അതിൽ ഉൾപെടുന്നു. തീരുമാനമെടുത്ത് അത് നടപ്പിലാക്കുവാൻ ശ്രമിക്കുമ്പോൾ വരുന്ന മാറ്റമാണ് ആചാരം. ആചാരം ദേശകാലങ്ങൾക്ക് അനുസരിച്ചുള്ളത്. അനുഷ്ഠാനം ശാസ്ത്രമനുസരിച്ചുള്ളത്. കാശ്മീരിലെ ആചാരം ഇവിടെ (കേരളത്തിൽ) സാദ്ധ്യമല്ല. എന്നാൽ പൂജ എന്ന അനുഷ്ഠാനം ഒന്ന് തന്നെയണ്. ഈ ആചാരാനുഷ്ഠാനങ്ങളെ ഒന്നിച്ച് ആചാരം എന്ന് പറയുന്നു. ഇത് അനിവാര്യമാണ്. കാലദേശാനുസാരിയല്ലാത്തതും ശാസ്ത്രോക്തമല്ലാത്തതും ദുരാചാരം. ഇങ്ങനെയുള്ള ദുരാചാരങ്ങളിൽ നിന്ന് പിന്തിരിപ്പിയ്ക്കുന്നനത് ആരോ അവൾ ദുരാചാരശമനീ.

## ദോഷവർജിതാ

ദോഷങ്ങളോട് കൂടാത്തവൾ. ദുരാചാരം ഒന്നും ചെയ്തില്ലെങ്കിൽ ഒരു ദോഷവും ഉണ്ടാകുകയില്ല. അങ്ങനെ ദോഷങ്ങൾ ഒന്നും ദേവിയ്ക്കില്ല. അതുപോലെ ദേവിയെ ഉപാസിക്കുന്നവർക്കും ദോഷങ്ങൾ ഒന്നും തന്നെ ഉണ്ടാകുകയില്ല.

## സർവജ്ഞാ

എല്ലാം അറിയുന്നവൾ. മുൻ നാമത്തിൽ പറഞ്ഞതുപോലെ ദേവിയ്ക്ക് ദോഷമൊന്നുമില്ലാത്തതുകൊണ്ട് മാലിന്യമില്ല, അജ്ഞാനമില്ല, കളങ്കമില്ല.

ഇത് ഒന്നും ഇല്ലാത്തവളായതുകൊണ്ട് ദേവി സർവജ്ഞയാണ്.

## സാന്ദ്രകരുണാ

അതിയായ കാരുണ്യമുള്ളവൾ. എല്ലാത്തിനോടും കാരുണ്യമുള്ളവൾ. താൻ തന്നെയാണ് ഇക്കാണായതെല്ലാം എന്ന ബോധം ദേവിയ്ക്കുള്ളതുകൊണ്ട് മറ്റുള്ളവരുടെ വിഷമമെല്ലാം അവനവന്റെതാണെന്ന് മനസ്സിലാക്കി അവകളെയെല്ലാം ഇല്ലാതാക്കുവാൻ ദേവി ശ്രമിക്കുന്നു. എല്ലാവരുടെയും ദുഃഖം തന്റെതാണെന്ന് ഒരേ തലത്തിലായി കാണുമ്പോഴാണ് കാരുണ്യം ഉണ്ടാകുന്നത്.

ദയ മുകളിൽ ഉള്ള ആൾക്ക് താഴെയുള്ളവരോട് തോന്നുന്നതാണ്.

തന്ത്രശാസ്ത്രത്തിൽ ദയയല്ല വേണ്ടത് മറിച്ച് കാരുണ്യമാണ് ആവശ്യമെന്ന് സാധകർക്കു നിർദ്ദേശം കൊടുക്കാറുണ്ട്. തുല്യരോട് തോന്നുന്നതാണ് കാരുണ്യമെന്നതിനാൽ എല്ലാവരെയും തുല്യരായി കാണുവാനും എല്ലാവരുടെയും ദുഃഖം തങ്ങളുടെയുമാണ് എന്ന് തോന്നി അതില്ലാതാക്കാൻ ശ്രമിക്കും. ദേവി അപ്രകാരമാണ്.

## സമാനാധികവർജിതാ

തുല്യമായോ അധികമായോ ആരുമില്ലാത്തവൾ. ദേവിയ്ക്ക് തുല്യമായോ ദേവിയുടെ മുകളിലായോ ആരുമില്ല. അതിൽ നിന്ന് ദേവിയ്ക്ക് താഴെയായും ആരുമില്ല എന്ന് മനസ്സിലാക്കാം. ഇതിനെന്താണ് കാരണം? ദേവിയല്ലാതെ ഈ ലോകത്ത് ആരുമില്ല. ദേവിയല്ലാതെ വേറെയാരെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഒരു താരതമ്യത്തിന് അവസരമുള്ളുവല്ലോ. ഇതാണ് ഏറ്റവും വലിയ സമത്വാവസ്ഥയും സാമൂഹികാനുഭൂതിയും. അദ്വൈതപരമായിട്ട് ഈ നാമത്തിന് അർത്ഥം പറഞ്ഞാൽ ദേവിയ്ക്ക് തുല്യമായിട്ടോ മുകളിലായിട്ടോ ആരുമില്ലെങ്കിൽ ദേവിയ്ക്ക് താഴെയായിട്ടും ആരുമില്ലാത്തവൾ എന്നതുപ്രകാരം ദേവി തന്നെയെല്ലാം എന്നർത്ഥം. മറിച്ച് ദ്വൈതപരമായിട്ട് ഈ നാമത്തിന് അർത്ഥം പറഞ്ഞാൽ ദേവിയ്ക്ക് തുല്യരായും മുകളിലായും ആരുമില്ലാത്തതുകൊണ്ട് എല്ലാവരും ദേവിയ്ക്ക് താഴെയുമാണ് അധീനരുമാണ്.

*സർവശക്തിമയീ സർവമംഗളാ സദ്ഗതിപ്രദാ*
*സർവേശ്വരീ സർവമയീ സർവമന്ത്രസ്വരൂപിണീ* 52

## സർവശക്തിമയീ

എല്ലാ ശക്തികളും ഉള്ളവൾ. ലോകത്ത് എന്തെല്ലാം ശക്തികൾ ഉണ്ടോ അതെല്ലാം ദേവിയുടെ ശക്തികളാണ്. എല്ലാത്തിനേക്കാൾ ശക്തിയുള്ളവൾ എന്നൊരർത്ഥം. എല്ലാ ശക്തികളുമുള്ളവൾ എന്ന് വേറൊരർത്ഥം. ഇത് മനസ്സ് കൊണ്ടും ബുദ്ധികൊണ്ടും നമ്മൾ അംഗീകരിച്ചാൽ എവിടെ എവിടെ ശക്തികാണുന്നുവോ അവിടെ അവിടെയെല്ലാം നാം ദേവിയെ കാണും. നമ്മളിലും മറ്റുള്ളവരിലും ഏതൊക്കെ ശക്തികൾ ഉണ്ടോ അതെല്ലാം ദേവിയാണെന്ന് അനുഭവപ്പെടും.

## സർവമംഗളാ

എല്ലാ മംഗളങ്ങളോടും കൂടിയവൾ. എവിടെയെല്ലാം ശുഭങ്ങൾ ഉണ്ടോ അവിടെയെല്ലാം ദേവിയുണ്ട്. ശുഭങ്ങളായവ ഉണ്ടാവാൻ ദേവിയുടെ അനുഗ്രഹം ഉണ്ട്. എപ്പോഴും മംഗളത്തെ മാത്രം സംഭവിപ്പിക്കുന്നവൾ. അമംഗളം

എന്നൊന്നില്ല. ദുഃഖത്തിൽ ഒരു സുഖമുണ്ട്. ചിലർക്ക് സ്വദുഃഖത്തിലും മറ്റുചിലർക്ക് പരദുഃഖത്തിലും ഒരു സുഖമുണ്ട്. അതുകൊണ്ട് ദുഃഖം പോലും സന്തോഷകരമാണ്. അങ്ങനെ സത്യത്തിൽ എല്ലാം തന്നെ മംഗളം ആണ്. അപ്രകാരം സർവ്വമംഗളത്തെയും ചെയ്യുന്നവൾ ദേവി. ദേവി തന്നെ ആശ്രയിയ്ക്കുന്ന സ്വഭക്തന്മാർക്ക് അവരുടെ ആഗ്രഹങ്ങളെ നിറവേറ്റിക്കൊടുത്ത് സർവ്വമംഗളങ്ങളെയും പ്രദാനം ചെയ്യുന്നവളാണ് ദേവി. അതുകൊണ്ട് ദേവീമാഹാത്മ്യത്തിൽ സർവമംഗളമാങ്ഗല്ല്യേ ശിവേ സർവാർത്ഥസാധികേ എന്ന് സ്തുതിക്കുന്നു.

### സദ്ഗതിപ്രദാ

സദ്ഗതിയെ നൽകുന്നവൾ. മോക്ഷം നൽകുന്നവൾ. ദേവീകാലിണകളെ ഭജിക്കുന്നവർക്ക് മോക്ഷം ലഭിച്ചിരിയ്ക്കും. ദേവി ഉറപ്പ് നൽകുന്നു. ദേവീഭക്തർ ഗതി കിട്ടാതെ അലയുകയില്ല.

### സർവേശ്വരീ

എല്ലാത്തിന്റെയും ഈശ്വരി. സൃഷ്ടമായ എല്ലാത്തിന്റെയും ഈശ്വരി. ഈക്ഷണം ചെയ്യുന്നവൾ. എല്ലാത്തിനെയും നയിച്ച് പാലനം ചെയ്യുന്നവൾ. നമ്മൾ സൃഷ്ടമായതാണ്. അതുകൊണ്ട് നമ്മളെ നോക്കി നേർവഴിയ്ക്ക് നയിച്ച് കൊണ്ട് പോകുവാൻ ദേവി ഉണ്ട് എന്ന് ഉറപ്പ് തരുകയാണ് സഹസ്രനാമം.

---

# ഭഗവദ്ഗീതാ (23)
## ഒരു പുനർവായന

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

### അഭിനവഗുപ്താചാര്യരുടെ വ്യാഖ്യാനം

*നൈതദ്വിദ്മഃ - ഇത്യനേന ച കർമവിശേഷാനുസന്ധാനമാഹ.*

കർമ്മത്തിന്റെ വിശേഷത്തെക്കുറിച്ചുള്ള അനുസന്ധാനമാണ് ഇവിടെ നടത്തുന്നത്. തന്റെ ബന്ധുജനങ്ങളെ കൊന്നതിനു ശേഷമുണ്ടാകാവുന്ന അനന്തരഫലങ്ങളെക്കുറിച്ചാണ് അർജ്ജുനൻ ഇവിടെ ചിന്തിച്ച് വിവശനാ

കുന്നത്.

*നിരഭിസന്ധാനം താവത്കർമ നോപപദ്യതേ*

ഒരു തീരുമാനവുമെടുക്കാതെ ഒരാൾക്കും യുദ്ധത്തിൽ പ്രവേശിയ്ക്കുവാൻ സാധിക്കുകയില്ല. തീരുമാനമെടുക്കാതെ വാസ്തവത്തിൽ ഒരാൾക്കും ഒരു കാര്യവും ചെയ്യാൻ സാധിയ്ക്കുകയില്ല. എന്തെങ്കിലും ഒരു തീരുമാനം എടുത്തിട്ടായിരിയ്ക്കും അർജ്ജുനൻ യുദ്ധക്കളത്തിൽ വന്നത്. ഒന്നില്ലെങ്കിൽ യുദ്ധത്തിൽ ജയിയ്ക്കുക അല്ലെങ്കിൽ പരാജയപ്പെടുക. രണ്ടായാലും വേണ്ടവിധത്തിൽ യുദ്ധം ചെയ്യാം എന്ന തീരുമാനമെടുത്തിട്ടായിരിക്കും അർജ്ജുനൻ യുദ്ധക്കളത്തിൽ വന്നിട്ടുള്ളത്. നമ്മളും ഇതുപോലെ ജീവിതത്തിൽ പല തീരുമാനങ്ങളും എടുത്തിട്ടാണ് പല കാര്യങ്ങളും ചെയ്യുന്നത്. പക്ഷേ ചില പ്രത്യേക സാഹചര്യങ്ങളിൽ നമ്മൾ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ തുടങ്ങുമ്പോൾ അതിന്റെ വരുംവരായ്കകളെക്കുറിച്ച് നമ്മളും വിവശരാകാറുണ്ട്. തീരുമാനം എടുക്കാതെയല്ല അർജ്ജുനൻ യുദ്ധക്കളത്തിൽ നിൽക്കുന്നത്. താൻ എടുത്ത തീരുമാനം നടപ്പിലാക്കിയാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുക്കളെക്കുറിച്ച് ഓർത്താണ് അർജ്ജുനൻ വിവശനാകുന്നത്.

*ന ച പരാജയമഭിസന്ധായ യുദ്ധേ പ്രവർതതേ.*

പരാജയം ഏറ്റുവാങ്ങാനായിക്കൊണ്ട് ആരും യുദ്ധത്തിന് പുറപ്പെടുകയില്ലല്ലോ. എല്ലാവരും യുദ്ധത്തിന് ഇറങ്ങുന്നത് വിജയിയ്ക്കാൻ വേണ്ടി തന്നെയാണ്. പരീക്ഷകൾ എഴുതുന്നത് വിജയിയ്ക്കുന്നതിനും ജീവിതത്തിൽ ഓരോ കാര്യം ചെയ്യുന്നതും നേട്ടം ഉണ്ടാക്കുന്നതിനും വേണ്ടിയാണ്. പക്ഷേ ചില പ്രത്യേക സാഹചര്യങ്ങളിൽ തീരുമാനമെടുത്ത് ആ പ്രവൃത്തിയിലേയ്ക്ക് പ്രവേശിച്ചു കഴിയുമ്പോൾ നമ്മളിൽ ചില ചിന്തകൾ ഉടലെടുക്കും. അങ്ങനെ യുദ്ധത്താലുണ്ടാകാവുന്ന ഭവിഷ്യത്തുക്കളെക്കുറിച്ച് അർജ്ജുനൻ ചിന്തിച്ചു. ഈ യുദ്ധക്കളം നമ്മുടെ ജീവിതമാണ് . നമ്മുടെ ജീവിതത്തിൽ ഇതുപോലുള്ള സാഹചര്യത്തിൽ നമ്മളും വിവശരാക്കാറുണ്ട്.

*ജയോപി ചായമനർഥ ഏവ.*

പരാജയമാഗ്രഹിച്ചാരും യുദ്ധത്തിന് ഇറങ്ങി പുറപ്പെടാറില്ല. എന്നാൽ അർജ്ജുനന്റെ കാഴ്ചപാടിൽ ജയം അനർത്ഥമാണ്. വിജയിയ്ക്കുക എന്നതും അനർത്ഥമാണ്. വിജയിയ്ക്കാൻ വേണ്ടീട്ട് യുദ്ധക്കളത്തിൽ നിൽക്കുന്ന വിജയനെ വിജയം പുൽകിയാൽ അത് അനർത്ഥമായിരിയ്ക്കുമെന്ന് അദ്ദേഹം കരുതുന്നു,

*തദാഹ ' അഹത്വാ ഗുരൂൻ ഭൈക്ഷ്യമപി ചർതും ശ്രേയഃ '*

അതുകൊണ്ട് ഗുരുക്കന്മാരെ കൊല്ലാതെ ഭിക്ഷയെടുത്ത് നടക്കുന്നതാണ് ശ്രേയസ്കരമെന്ന് അർജ്ജുനൻ പറയുന്നു. ഗുരുക്കന്മാരെ ഹനിച്ച് കിട്ടുന്ന രാജ്യസുഖങ്ങൾ കൊലച്ചോറാണ്. അതല്ല വധിയ്ക്കപ്പെടാൻ പാടില്ലാത്തവരായ ഗുരുക്കന്മാരെ ഹനിച്ചിട്ട് കിട്ടുന്ന രാജ്യസുഖങ്ങളെക്കാൾ ശ്രേഷ്ഠം ഭിക്ഷയെടുത്ത് ജീവിയ്ക്കുന്നതാണ് എന്നുള്ളതാണ് അർജ്ജുനന്റെ ചിന്ത.

***ഏതച്ച നിശ്ചേതുമശക്യം, കിം ജയം കാങ്ക്ഷാമഃ കിം വാ പരാജയം, ജയോപി ബന്ധൂനാം വിനാശാത്.***

അർജ്ജുനൻ സമ്പൂർണ്ണമായും ഇതികർത്തവ്യതാമൂഢനാകുന്നു. എന്താണ് ചെയ്യേണ്ടതെന്ന് അദ്ദേഹത്തിന് നിശ്ചയമില്ലാതെയാകുന്നു. യുദ്ധം ജയിയ്ക്കുകയാണോ വേണ്ടത് അതോ പരാജയപ്പെടുകയാണോ വേണ്ടത് എന്നുള്ള സമ്പൂർണ്ണമായ ഇതികർത്തവ്യതാമൂഢതയ്ക്ക് വശംഗതനാകുന്നു. ജയിയ്ക്കുക എന്ന് വച്ചാൽ ബന്ധുക്കളെ കൊല്ലുകയാണ്. എന്നാൽ അത് നിരന്തരമായ അസ്വസ്ഥതയ്ക്ക് കാരണമാകും. പരാജയപ്പെടുക എന്ന വച്ചാലോ അതും ബുദ്ധിമുട്ടാണ്. ജയിയ്ക്കാൻ വേണ്ടീട്ടാണ് യുദ്ധക്കളത്തിൽ വന്നിട്ടുള്ളത്. ഇതാണ് ധർമ്മസങ്കടം. ഇതുപോലെ നമ്മക്കും ജീവിതത്തിൽ വന്ന് ഭവിയ്ക്കാറുണ്ട്. ഇയ്യവസരത്തിൽ വസുഗുപ്തനാൽ എഴുതപ്പെട്ട ശിവസൂത്രം എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനമാണെന്ന് പലരാലും പറയപ്പെടുന്ന സ്പന്ദകാരികാ എന്ന കാശ്മീര ശൈവസമ്പ്രദായത്തിലെ ഒരു ഗ്രന്ഥത്തിലെ ഒരു ശ്ലോകം ആലോചനയ്ക്ക് വിഷയമാക്കുന്നത് ഉചിതമായിരിയ്ക്കും. ഈ സ്പന്ദകാരികയിലെ പ്രഥമനിഃസ്പന്ദത്തിലെ ഇരുപത്തിരാണ്ടാമത്തെ ശ്ലോകം -

***അതിക്രുദ്ധഃ പ്രഹൃഷ്ടോ വാ<br>കിം കരോമീതി വാ മൃശൻ<br>ധാന്വാ യത് പദം ഗച്ഛേത്<br>തത്ര സ്പന്ദഃ പ്രതിഷ്ഠിതഃ***

അതിയായ കോപമുള്ളപ്പോഴും അതിയായ സന്തോഷമുള്ളപ്പോഴും എന്താണ് ചെയ്യേണ്ടത് എന്ന് നിശ്ചയമില്ലാതെ ചിന്താവിവശരായിരിയ്ക്കുമ്പോഴും ഏതെങ്കിലും സാഹചര്യത്തിൽ നിന്ന് ഓടേണ്ടിവരുമ്പോഴും സ്പന്ദത്തിൽ - സ്വാത്മഭാവത്തിൽ പ്രതിഷ്ഠിതനാകാനുള്ള സാധ്യത തെളിഞ്ഞ് കിടക്കുന്നു. സ്പന്ദം എന്ന് വച്ചാൽ അവനവന്റെ ശരിയ്ക്കുമുള്ള സത്ത. എപ്പോഴും തുടിയ്ക്കുന്നതുകൊണ്ട് അതിനെ സ്പന്ദമെന്ന് വിളിയ്ക്കുന്നു. പ്രപഞ്ചാത്മകവും പ്രപഞ്ചാതീതവുമായി സദാ തുടിച്ചുകൊണ്ടിരിയ്ക്കുന്നു പരമമായത് എന്നതുകൊണ്ട് അതിനെ സ്പന്ദം എന്ന് വിളിയ്ക്കുന്നു. ഒന്ന് സ്പന്ദിയ്ക്കുമ്പോൾ പ്രപഞ്ചം ആവിഷ്കൃതമാകുന്നു.

പിന്നൊന്ന് സ്പന്ദിയ്ക്കുമ്പോൾ പ്രപഞ്ചാത്മകമായത് പ്രപഞ്ചോത്തീർണ്ണമാകുന്നു. ശിവൻ പ്രപഞ്ചാതീതമായതും ശക്തി പ്രപഞ്ചാത്മകമായതും ആകുന്നു. അതു കൊണ്ട് ശിവശക്ത്യാത്മകമായതാണ് പരമമായ സത്യം. ഈ പരമമായ സത്യത്തെ സ്പന്ദകാരികയിൽ സ്പന്ദമെന്ന് വിളിയ്ക്കുന്നു. അതിയായ കോപം വരുമ്പോഴും അതിയായ സന്തോഷം വരുമ്പോഴും എന്താണ് ചെയ്യേണ്ടത് എന്ന് ചിന്താവിവശനാകുമ്പോഴും ഒരു സാഹചര്യത്തിൽ നിന്ന് പിൻതിരിഞ്ഞോടുമ്പോഴും ആ സ്പന്ദത്തിൽ പ്രതിഷ്ഠിതനാകാനുള്ള സാധ്യതകൾ ഉണ്ട്. ഇയ്യൊരു പരമാവസ്ഥയ്ക്ക് സാധ്യത തെളിഞ്ഞ് കാണുന്നു എന്നർത്ഥം. ഈ അവസ്ഥതന്നെയാണ് ഇവിടെ അർജ്ജുനന്റേത്. കിം കരോമീതി വാ മൂശൻ എന്ന സ്പന്ദകാരികഗതമായ വിധത്തിൽ എന്ത് ചെയ്യണം എന്നറിയാത്തവിധം അദ്ദേഹം നിൽക്കുന്നു. വിജയം ആണോ പരാജയം ആണോ താൻ ആഗ്രഹിയ്ക്കുന്നത് എന്ന് തിരിച്ചറിയാൻ പറ്റാത്തവിധം ചിന്താകുലനായി യുദ്ധം ചെയ്യണോ വേണ്ടയോ എന്ന് ചിന്തിച്ച് നിൽക്കുകയാണ്. ഈ സാഹചര്യത്തിൽ അർജ്ജുനൻ സ്പന്ദത്തിൽ പ്രതിഷ്ഠിതനാകാനുള്ള സാദ്ധ്യത കൂടുതലാണ്. പരമമായ അവസ്ഥയ്ക്കുള്ള ഈ സാദ്ധ്യത കണക്കിലെടുത്തും കൂടിയാണ് ജഗദ്ഗുരു ശ്രീകൃഷ്ണപരമാത്മാവ് അർജ്ജുനനെ ഉപദേശിയ്ക്കാൻ തുടങ്ങുന്നത്. ജീവിതത്തിന്റെ അനവധി സാഹചര്യങ്ങളിൽ അഥവാ സന്ദർഭങ്ങളിൽ നമുക്ക് ഓരോരുത്തർക്കും പരമമായതിൽ പ്രതിഷ്ഠിതരാകാനുള്ള സാധ്യതയുണ്ട്. നാം അതിനെ തിരച്ചറിയുന്നില്ല എന്ന് മാത്രം. ജീവിതം ഇത് ലഭ്യമാക്കുവാനുള്ള അനവധി അസുലഭാവസരങ്ങൾ ഉണ്ട്. പക്ഷേ അത് വേണ്ടവിധത്തിൽ വിനിയോഗിയ്ക്കുവാൻ വേണ്ടത്ര ഈശ്വരാനുഗ്രഹം ഇല്ലാത്തതുകൊണ്ട് നമുക്ക് അത് സാധിയ്ക്കുന്നില്ല എന്ന് മാത്രം. ഇവിടെ നികടവർത്തിയായ ഈശ്വരസ്വരൂപി പ്രത്യക്ഷനായിട്ട് അർജ്ജുന്റെ മുമ്പിൽ നിൽക്കുന്നു എന്നതുകൊണ്ട് അർജ്ജുനന് ഇത് അനായാസേന സാധിയ്ക്കുന്നു. അങ്ങനെ അർജ്ജുനനെ ആ പരമമായ അവസ്ഥയിലേയ്ക്ക് ഉയർത്താനും പ്രവൃത്ത്യുന്മുഖനാകാനും ജീവിതം വളരെ മനോഹരമാകാനുള്ള ഉപദേശവും ശ്രീകൃഷ്ണപരമാത്മാവ് ഗീതയിലൂടെ ചെയ്യുന്നു.

ഇതികർത്തവ്യതാമൂഢത വന്നപ്പോൾ മാത്രമാണ് അർജ്ജുനൻ ശ്രീകൃഷ്ണനെ ശരണം പ്രാപിയ്ക്കുവാൻ തീരുമാനിച്ചത്.

(തുടരും)



RNI Registration Number – KERMAL/2012/56910

SHRIPURAM TRUST

सा शाम्भवी स्फुरतु

Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash